# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തരൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. (പി.കെ.ഡി) പി 10/1691/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 01/12/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തരൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. (പി.കെ.ഡി) പി 10/1691/2023 തീയ്യതി: 01/12/2023

## പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-03-2023 മുതൽ 10-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാം മനോഹർ.വി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 10-10-2023 | 18-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-10-2023 | 18-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സുസ്മിത.കെ.വി- ഓഡിറ്റ് ഓഫീസർ

നസീറബാനു .എ- അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ബീന എം.വി - സീനിയർ ഗ്രേഡ് ഓഡിറ്റർ

ബേബി.കെ - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രമണി ഇ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.മാലിനി എസ് പി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രമണി എം ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 26-10-2022 |
| ശ്രീമതി.അഞ്ജു ടി വേണു | അസിസ്റ്റന്റ് സെക്രട്ടറി | 27-10-2022 | 31-03-2023 |
| ശ്രീമതി.റാണി ആർ ഉണ്ണിത്താൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.അനൂപ് ആനന്ദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.അഞ്ജലി ടി നായർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 16-06-2022 |
| ഡോ.ആഗ്നസ് ക്ലീറ്റസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 17-06-2022 | 04-07-2022 |
| ഡോ.സിന്ധു ജോസഫ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 05-07-2022 | 05-07-2022 |
| ഡോ.ആഗ്നസ് ക്ലീറ്റസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 06-07-2022 | 30-08-2022 |
| ഡോ.രാജുല എം | മെഡിക്കൽ ഓഫീസർ, ആയുർവേദം | 31-08-2022 | 27-12-2022 |
| ഡോ.ബിന്ദു.കെ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 28-12-2022 | 22-03-2023 |
| ഡോ ,റൂബി എച്ച്.എൽ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 23-03-2023 | 31-03-2023 |
| ശ്രീമതി.സൗമ്യ എം എസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 03-01-2023 |
| ശ്രീമതി.നീഇ ത്യാഗരാജ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 04-01-2023 | 31-03-2023 |
| ശ്രീമതി.ഉമൈബ എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഡോ.സ്മിത്തി ജോൺസൺ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.ഇബ്രാഹിം | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ഡോ.വിനോജ് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.ബിന്ദു വിജയകുമാർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി.ശ്രീവിദ്യ | വി ഇ ഒ I | 01-04-2022 | 10-08-2022 |
| ശ്രീ.രവീന്ദ്രൻ | വി ഇ ഒ I | 11-08-2022 | 31-03-2023 |
| ശ്രീമതി.ഫർസീന | വി ഇ ഒ 11 | 01-04-2022 | 20-10-2022 |
| ഒഴിവ് | വി ഇ ഒ 11 | 21-10-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്ററും ബാലൻസ് ഷീറ്റിലെ ആസ്തികളുടെ മൂല്യവും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ക്യാപിറ്റൽ കോൺട്രിബ്യൂഷൻ -രേഖപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | ബാങ്ക് അക്കൌണ്ടുകളുടെ റീകൺസിലീയേഷൻ പൂർത്തിയാക്കിയിട്ടില്ല | 1-1-6 |
| 8 | ബാങ്ക് അക്കൌണ്ടുകളുടെ റീകൺസിലീയേഷൻ നടത്തിയിട്ടില്ല. | 1-1-7 |
| 9 | രസീതിയായി സ്വീകരിച്ചിട്ടില്ല. | 1-1-8 |
| 10 | ബാങ്ക് ബുക്ക് ബാലൻസ്,റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ ബാങ്ക് ബുക്ക് ബാലൻസ് എന്നിവയിൽ  വ്യത്യാസം | 1-1-9 |
| 11 | മുൻകൂർ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല | 1-1-10 |
| 12 | സഞ്ചയയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | സംയുക്ത പദ്ധതി വിഹിതം -ചെലവിന്റെ വിശദവിവരം ലഭ്യമല്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമപെൻഷൻ | 1-7 |
| 20 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 21 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | നീക്കിയിരുപ്പുകളിൽ വ്യത്യാസം. | 1-11 |
| 24 | പ്രതിമാസ റീകൺസിലിയേഷൻ നടത്തിയത് ഓഡിറ്റ് വേളയിൽ | 1-11-1 |
| 25 | വസ്തുനികുതി പരിഷ്കരണം 2023 | 1-12 |
| 26 | വസ്തുനികുതി-വാർഷിക കണക്കും സഞ്ചയ സോഫ്റ്റ് വെയറിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-12-1 |
| 27 | കെട്ടിടം വാണിജ്യ ആവശ്യത്തിലേയ്ക്ക് തരം മാറ്റിയിട്ടില്ല. | 1-12-2 |
| 28 | തൊഴിൽ നികുതി രജിസ്റ്റർ, ലെഡ്ജർ,എന്നിവയിലെ തുകകളിൽ വ്യത്യാസം | 1-13 |
| 29 | ലൈസൻസ് - അപാകതകൾ | 1-14 |
| 30 | മോട്ടോർ ഫീ ഈടാക്കിയിട്ടില്ല. | 1-14 -1 |
| 31 | സംരഭത്തിന്റെ തരത്തിനനുസരിച്ച് നിശ്ചിത ഫീസ് അടവാക്കിയിട്ടില്ല. | 1-14-2 |
| 32 | തൻ വർഷം സ്വീകരിച്ച പല അപേക്ഷയിലും വിവരങ്ങൾ അപൂർണ്ണം | 1-14-3 |
| 33 | ഉദ്യം സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. | 1-14-4 |
| 34 | ലൈസൻസ് അപേക്ഷകളിൽ മാലിന്യ നിർമാർജ്ജന സംവിധാനത്തെപ്പറ്റി പരാമർശിച്ചിട്ടില്ല. | 1-14-5 |
| 35 | കൃഷി സ്ഥലം ലേലം -അപാകതകൾ | 1-15 |
| 36 | എഗ്രിമെന്റ്,ജാതി സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിച്ചിട്ടില്ല. | 1-15-1 |
| 37 | ലേലതുക അടവാക്കിയിട്ടില്ല. | 1-15-2 |
| 38 | ലേലം- മാനദണ്ഡങ്ങൾ നിശ്ചയിക്കേണ്ടതാണ്. | 1-15-3 |

| | | |
|---|---|---|
| 39 | കാലഹരണപ്പെട്ട വസ്തുക്കളിൽ നിന്നുമുള്ള ലേലം -രേഖകൾ ഹാജരാക്കിയില്ല | 1-16 |
| 40 | ഹോമിയോ ആശുപത്രി -മരുന്ന് ലഭ്യമായിട്ടില്ല. | 1-17 |
| 41 | ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല | 1-18 |
| 42 | മേൽപ്പുരറിപ്പയർ -പൂർത്തീകരിച്ചില്ല. | 1-19 |
| 43 | മേൽപ്പുരറിപ്പയർ(സ്പിൽ ഓവർ) -പൂർത്തീകരിച്ചില്ല | 1-20 |
| 44 | ഭിന്നശേഷി സ്കോളർഷിപ്പ് - അർഹമായ നിരക്കിൽ നൽകിയിട്ടില്ല | 1-21 |
| 45 | വൃദ്ധർക്ക് കട്ടിൽ - ജനറൽ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-22 |
| 46 | പെണ്ണാട് വിതരണം പദ്ധതി - സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-23 |
| 47 | സ്കൂളുകളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ - GeM ൽ നിന്നും വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചില്ല | 1-24 |
| 48 | റോഡിതര മെയിന്റനൻസ് ഗ്രാന്റ് അനുവദനീയമല്ലാത്ത ഇനങ്ങൾക്കായി ചെലവഴിച്ചു | 1-25 |
| 49 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണീച്ചറുകൾ വാങ്ങൽ -നിർദേശങ്ങൾ പാലിച്ചിട്ടില്ല. | 1-26 |
| 50 | വാങ്ങൽ നടപടിക്രമങ്ങളിലെ അപാകങ്ങൾ | 1-27 |
| 51 | സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-28 |
| 52 | എ ബി സി പ്രോഗ്രാം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-29 |
| 53 | പൊതു ടാപ്പുകൾ വിച്ഛേദിച്ചിട്ടില്ല | 1-30 |
| 54 | കുടിവെള്ള പദ്ധതികൾ - ഗുണഭോക്തൃസമിതിയെ ഏൽപ്പിച്ചിട്ടില്ല | 1-31 |
| 55 | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ -വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-32 |
| 56 | തെരുവ് വിളക്ക് പരിപാലനം- കാര്യക്ഷമമാക്കേണ്ടതാണ് | 1-33 |
| 57 | ചെലവഴിക്കാത്ത തുക കുടുംബശ്രീയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. | 1-34 |
| 58 | കുടുബശ്രീ ഓഫീസ് കെട്ടിടം നവീകരണം - പൂർത്തിയാക്കിയില്ല | 1-35 |
| 59 | മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ | 1-36 |
| 60 | MGNREGS - ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല | 1-37 |
| 61 | സംയുക്ത പദ്ധതി വിഹിതം - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 1-38 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾ | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികധനകാര്യപത്രികകൾ | |

## ഭാഗം –1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 2(1)/19-7-23 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 18-08-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **തരൂർ ഗ്രാമപഞ്ചായത്തിന്റെ** മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **തരൂർ ഗ്രാമപഞ്ചായത്തിന്റെ** 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്

തിയതി : 01.12.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (ഇ) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല**

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ ഉണ്ട്.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)828743 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 10496699.00 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-3 ആസ്തി രജിസ്റ്ററും ബാലൻസ് ഷീറ്റിലെ ആസ്തികളുടെ മൂല്യവും തമ്മിൽ പൊരുത്തപ്പെടുന്നില്ല**

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

**1-1-4 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല**

ഡിമാന്റുകൾ ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല. ഉദാഹരണം-വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും അവസാനത്തിലുമാണ് ഡിമാന്റ് രേഖപ്പെടുത്തുന്നത്.

**1-1-5 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ -രേഖപ്പെടുത്തിയിട്ടില്ല**

പ്ലാൻഫണ്ട് , മെയിന്റനൻസ് ഗ്രാന്റ് എന്നിവ ഉപയോഗിച്ച് സ്ഥിരാസ്തികൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും ഇവ റവന്യൂ ഗ്രാന്റായി മാത്രമാണ് വാർഷികകണക്കിൽ ചേർത്തിട്ടുള്ളത്. ബാലൻസ് ഷീറ്റിൽ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ തുകയൊന്നും രേഖപ്പെടുത്തിയിട്ടില്ല.

**1-1-6 ബാങ്ക് അക്കൌണ്ടുകളുടെ റീകൺസിലീയേഷൻ പൂർത്തിയാക്കിയിട്ടില്ല**

2023 മാർച്ച് മാസത്തിലെ ഐ.എൽ.ജി.എം.എസിലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 2 ബാങ്ക് അക്കൌണ്ടുകളുടെ റീകൺസിലീയേഷൻ 'ഓൺ ഗോയിങ് ' സ്റ്റേജിലാണ്.

| ക്രമ നം. | അക്കൌണ്ട് നം. | പാസ്ബുക്ക് ബാലൻസ് | ബാങ്ക് ബുക്ക് ബാലൻസ് | സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | Union Bank Of India-654502010010010 | 4541492 | 4335485 | On Going |
| 2 | HDFC -50100555942068 | 111569 | 111566 | On Going |

സാമ്പത്തിക വർഷം 31.3.2023 ന് അവസാനിച്ച് കഴിഞ്ഞിട്ടും നാളിതുവരെയായിട്ടും റീകൺസിലിയേഷൻ നടപടി പൂർത്തികരിച്ചിട്ടില്ല.ഇതു സംബന്ധിച്ച എൻക്വയറിക്ക് (നം.6/13.10.2023) ലഭ്യമാക്കിയ വിശദീകരണത്തിൽ നടപടികൾ പൂർത്തികരിച്ചെന്ന് അറിയിച്ചിട്ടുണ്ട്.

പഞ്ചായത്തിരാജ് അക്കൗണ്ട്സ് ചട്ടം 57 പ്രകാരം ബാങ്ക്/ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പ തുകകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറിഅക്കൗണ്ട്ബാലൻസ് സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. എല്ലാ മാസവും 5 ◌ം തീയതിക്കകം അക്കൗണ്ടന്റ്, ബാങ്ക്/ട്രഷറിപൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കൂടാതെ അക്കൌണ്ട്സ് ചട്ടം 60 പ്രകാരം പ്രതിമാസ വരവ് ചെലവുകൾ പരിശോധിച്ച ശേഷം അടുത്ത ഭരണ സമിതി യോഗത്തിൽ അവതരിപ്പിക്കുകയും ചെയ്യേണ്ടതാണ്. മുൻ സാമ്പത്തിക വർഷത്തിലെ റീകൺസിലീയേഷൻ നടപടികൾ ഒക്ടോബർ വരെയും പൂർത്തിയാക്കാതിരുന്നത് ശരിയായ നടപടിക്രമമല്ല. എല്ലാമാസവും ചട്ട പ്രകാരമുള്ള പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-1-7 ബാങ്ക് അക്കൌണ്ടുകളുടെ റീകൺസിലിയേഷൻ നടത്തിയിട്ടില്ല.**

രണ്ട് ബാങ്ക് അക്കൌണ്ടുകളുടെ തൻ വർഷത്തെ റീകൺസിലീയേഷൻ നടത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നം. | പാസ്ബുക്ക് ബാലൻസ് | | ബാങ്ക് ബുക്ക് ബാലൻസ് | | വ്യത്യാസം |
|---|---|---|---|---|---|---|
| | | OB | CB | OB | CB | |
| 1 | STATE BANK OF INDIA--67304144395 | ---43108 | 44283 | 43108 | 43990.0 | 293 |
| 2 | THE PAZHAMBALACODE SERVICE CO-OPERATIVE BANK LTDPCD0020050001489 | 12992 | 12992 | 12992 | 12992. | 0 |

പ്രസ്തുത ബാങ്ക് അക്കൗണ്ടുകളിൽ തൻ വർഷത്തെ RP-40(a) പ്രകാരം മുന്നിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 1.4.2022 മുതൽ നാളിതു വരെയായിട്ടും റീകൺസിലീയേഷൻ നടത്തിയിട്ടില്ല. ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (നം.6/13.10.2023)ലഭ്യമാക്കിയ വിശദീകരണത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അവ പൂർത്തികരിച്ചെന്നും അറിയിച്ചിട്ടുണ്ട്. മുന്നിരിപ്പ് ഉണ്ടായിട്ടും പ്രസ്തുത അക്കൗണ്ടുകൾ ഒന്നര വർഷം വരെ റീകൺസിലിയേഷൻ നടത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്ന എന്ന് സ്ഥാപന മേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്.

**1-1-8 രസീതിയായി സ്വീകരിച്ചിട്ടില്ല.**

STATE BANK OF INDIA—67304144395 എന്ന അക്കൗണ്ടിൽ 25.3.2023 തീയതിയിൽ പലിശയിനത്തിൽ ലഭ്യമായ 293 രൂപ രസീതിയാക്കി ബാങ്ക് ബുക്കിൽ വരവായി സ്വീകരിച്ചിട്ടില്ല.

ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (നം.6/13.10.2023)ലഭ്യമാക്കിയ വിശദീകരണത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, രസീതി 2023-2024 വർഷത്തെ വരവായി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത തുക 2022-2023വർഷത്തെ ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

**1-1-9 ബാങ്ക് ബുക്ക് ബാലൻസ്,റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ ബാങ്ക് ബുക്ക് ബാലൻസ് എന്നിവയിൽ വ്യത്യാസം**

CFC-Union Bank- 654502010010010

| ക്രമ നം. | മാസം -2022-23 വർഷം | ബാങ്ക് ബുക്കിന്റെ അടിസ്ഥാനത്തിലുള്ള നീക്കിയിരുപ്പ് | റീകൺസിലീയേഷൻ സ്റ്റേറ്റ്മെന്റിലെ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരുപ്പ് | വ്യത്യാസം |
|---|---|---|---|---|
| 1 | ഏപ്രിൽ | 3562383 | 3562363 | 20 |
| 2 | മെയ് | 3562383 | 3562363 | 20 |
| 3 | ജൂൺ | 3562383 | 3562363 | 20 |
| 1 | ജൂലൈ | 3744249 | 3744229 | 20 |
| 2 | ആഗസ്റ്റ് | 3752145 | 3752125 | 20 |
| 3 | സെപ്റ്റംബർ | 3716145 | 3716125 | 20 |
| 4 | ഓക്ടോബർ | 7814577 | 7818690 | -4113 |
| 5 | നവംബർ | 11771838 | 11771818 | 20 |
| 6 | ഡിസംബർ | 11760617 | 11760597 | 20 |
| 7 | ജനവരി | 11741069 | 11741049 | 20 |
| 8 | ഫെബ്രുവരി | 11779271 | 11779251 | 20 |

| | | | | |
|---|---|---|---|---|
| 9 | മാർച്ച് | 4335485 | 4335485 | 0 |

ഇത സംബന്ധിച്ച എൻക്വയറിയ്ക്ക് (നം.6/13.10.2023) ലഭ്യമാക്കിയ വിശദീകരണത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും പ്രൊജക്റ്റ് വർക്കുകളിൽ നിന്നും സർവ്വീസ് ചാർജ്ജ് 20രൂപ പേയ്മെന്റ് ചെയ്യാൻ വിട്ടുപോയതാണെന്നും, ഒക്ടോബർമാസത്തിലെ 4113രൂപ 22/10/2022 ന് Daily Collection Contra Entry തെറ്റായി ചെയ്തതിനാലാണ് ഇപ്രകാരം വന്നതെന്നും ആയത് പിന്നീട് തിരുത്തിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത സംബന്ധിച്ച പൂർണ്ണമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-10 മുൻകൂർ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

വിവിധ ആവശ്യങ്ങൾക്കായി മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-1-11 സഞ്ചയയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി (പാർപ്പിടം) – സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ , ബാലൻസ് തുകയും വാർഷികകണക്കിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. (വിശദവിവരം ഖണ്ഡിക 1-12-1 ൽ ചേർത്തിട്ടുണ്ട്)

## 1-1-12 സംയുക്ത പദ്ധതി വിഹിതം -ചെലവിന്റെ വിശദവിവരം ലഭ്യമല്ല

ജില്ലാ പഞ്ചായത്തിൽ നിന്നും സംയുക്ത പദ്ധതികളുള്ള വിഹിതമായി മുൻവർഷം ലഭിച്ചതും വാർഷികകണക്കിൽ മുൻവർഷം നീക്കിയിരുപ്പായി രേഖപ്പെടുത്തിയതിൽ ഉൾപ്പെട്ടതുമായ 400000 രൂപ ഓഡിറ്റ് വർഷം ജേണൽ വൗച്ചർ മുഖേന Prior Period Programe Expense (Head Code-29080501) എന്ന രീതിയിൽ ചെലവ് രേഖപ്പെടുത്തി ലയബിലിറ്റി ഹെഡിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക മുൻവർഷങ്ങളിൽ യഥാർത്ഥത്തിൽ ചെലവ് ചെയ്യപ്പെട്ടതാണ് എന്ന് തെളിയിക്കുന്ന രേഖകളൊന്നും പരിശോധനക്ക് ലഭ്യമായില്ല. യഥാർത്ഥ ചെലവ് വൗച്ചറിന്റെ വിവരങ്ങൾ ഉൾപ്പെടുത്തി പ്രൊസീഡിംഗ്സ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുമില്ല. അതിനാൽ ചെലവിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല. കൂടാതെ വാർഷികകണക്കിലെ I-18 ഷെഡ്യൂളിൽ 100000 രൂപ മാത്രമാണ് Prior Period Expenditure എന്ന ശീർഷകത്തിൽ ചേർത്തിട്ടുള്ളത്.

## 1-2 ബജറ്റ്

24.3.22 തീയതിയിലെ 1(1).തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് .21.3.23.തീയതിയിലെ 2(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | പരിഷ്കരിച്ച ബഡ്ജറ്റ് |
|---|---|
| മുന്നിരിപ്പ് | 7251521 |
| വരവ് | 222009400 |
| ആകെ | 229260921 |
| ചെലവ് | 225097669 |
| നീക്കിയിരുപ്പ് | 4163252 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 8553397 |
| വരവ് | 41233858 |
| ആകെ | 49787255 |
| ചെലവ് | 42062601 |
| നീക്കിയിരിപ്പ് | 7724654 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (ACR) | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 24038999 | 24038999 | 20690485 | 3348514 |
| വികസനഫണ്ട് -എസ്.സി.പി | 0 | 8166000 | 8166000 | 6273175 | 1892825 |
| വികസനഫണ്ട് -ടി.എസ്.പി | 0 | 180000 | 180000 | 164000 | 16000 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 9222000 | 9222000 | 7739289 | 1482711 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | | 6531000 | 6531000 | 5196680 | 1334320 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-ട്രഷറി (മുന്നിരിപ്പ് അലോട്ട്മെന്റായി തൻവർഷം ലഭിച്ചു) | 0 | 2106500 | 2106500 | 490000 | 1616500 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ബേസിക് ഗ്രാന്റ്-ട്രഷറി (മുന്നിരിപ്പ് അലോട്ട്മെന്റായി തൻവർഷം ലഭിച്ചു) | 0 | 343209 | 343209 | 341492 | 1717 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് -ഗ്രാന്റ്-ബാങ്ക് | 3261474 | 4921000 | 8182474 | 4003408 | 4179066 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ബേസിക് ഗ്രാന്റ്-ബാങ്ക് | 300909 | 3425912 | 3726821 | 3624377 | 102444 |

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്ര വിഹിതം | 1513549 | 1879322 | 3392871 | 1155642 | 2237229 |
| ശുചിത്വം | 1083657 | 0 | 1083657 | 531002 | 552655 |

തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 4662 | 1891973 | 1896635 | 1886062 | 10573 |
| തൊഴിലാളികളുടെ വേതനം | 0 | 43019688 | 43019688 | 43019688 | 0 |
| | 4662 | 44911661 | 44916323 | 44905750 | 10573 |

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് & -ഇൻഫ്രാസ്ട്രക്ചർ | 0 | 542108 | 542108 | 347673 | 194435 |

| | | | | | |
|---|---|---|---|---|---|
| ഹെൽത്ത് & വെൽനസ് ഗ്രാന്റ് | 0 | 363370 | 363370 | 150000 | 213370 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതികളുടെ % |
|---|---|---|---|---|
| 185 | 109257204 | 151 | 56440910 | 82% |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ച് പദ്ധതിച്ചെലവുകളുടെ വിവരം

| നിർവ്വഹണ ഉദ്യോഗ സ്ഥൻ | അംഗീ കാരം ലഭ്യമാക്കിയ പ്രൊജക്ടു കളുടെ എണ്ണം | നടപ്പാക്കിയ പ്രൊജക്ടു കളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശത മാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 14103812 | 6722837 | 48 |
| വെറ്ററിനറി സർജൻ | 15 | 15 | 2143825 | 1911831 | 89 |
| മെഡിക്കൽ ഓഫീസർ (PHC) | 5 | 4 | 2047749 | 1128463 | 55 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ (ISM) | 3 | 2 | 1650000 | 1550000 | 94 |
| ICDS സൂപ്പർവൈസർ | 5 | 4 | 7079100 | 4996824 | 71 |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 36 | 31 | 12558144 | 10654842 | 85 |
| ഹെഡ്മാസ്റ്റർ (GLPS) | 3 | 2 | 936416 | 886411 | 95 |
| VEO | 17 | 10 | 37433390 | 7709391 | 21 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 83 | 69 | 26930390 | 17875524 | 66 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1252000 | 1252000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 6 | 2922378 | 1552787 | 53 |
| ആകെ | 185 | 151 | 109257204 | 56440910 | 52 |

അംഗീകാരം ലഭിച്ച പദ്ധതികളിൽ എണ്ണം (82 %) നടപ്പാക്കിയിട്ടുണ്ട്. വകയിരുത്തിയ തുകയിൽ 52 % ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ട് ആവിഷ്കരിക്കുന്നതിലും അംഗീകാരം നേടുന്നതിലും സമയക്രമം പാലിച്ച് പരമാവധി ഫണ്ട് വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നി രിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 4662 | 1891973 | 1896635 | 1886062 | 10573 |
| തൊഴിലാ ളികളുടെ വേതനം | 0 | 43019688 | 43019688 | 43019688 | 0 |
| | 4662 | 44911661 | 44916323 | 44905750 | 10573 |

1-14(F) പ്രകാരം 18,85,985 രൂപയും 1-14(C) പ്രകാരം 4,30,20,059 രൂപയും ആണ് ചെലവ്. ഇതനുസരിച്ച് ആകെ ചെലവ് 4,49,06,044 രൂപയാണ്. 294 രൂപയുടെ വ്യത്യാസം വിശദമായി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-7 ക്ഷേമപെൻഷൻ

ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് ലഭ്യമായ ക്ഷേമപെൻഷനുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | 0 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 7551600 | 661 |
| 3 | വിധവാ പെൻഷൻ | 14987000 | 2530 |
| 4 | വാർദ്ധക്യകാല പെൻഷൻ | 26,206,600 | 1270 |
| 5 | വികലാംഗ പെൻഷൻ | 4715200 | 400 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 753000 | 66 |

1-14(F) പ്രകാരം 18,85,985 രൂപയും 1-14(C) പ്രകാരം 43,020,059 രൂപയും ആണ് ചെലവ്. ഇതനുസിച്ച് ആകെ ചെലവ് 4,49,060,44 രൂപയാണ്. 294 രൂപയുടെ വ്യത്യാസം വിശദമാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

തരൂർ ഗ്രാമപഞ്ചാത്തിന്റെ 2022-23വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.10.2023 തീയതിയിൽ 4.00 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 22581/-(ഇരുപത്തിരണ്ടായിരത്തി അഞ്ഞൂറ്റി എൺപ്പത്തിയൊന്ന്) രൂപയുടെ വരവിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണസംവിധാനം പൊതുവെ കാര്യക്ഷമമാണ്. എന്നാൽ താഴെ പറയുന്ന അപാകതകൾ പരിഹരിക്കപ്പെടേണ്ടതുണ്ട്.

ബജറ്റ് നടപടിക്രമങ്ങൾ കാര്യക്ഷമമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതുമാണ്.

നികുതികൾ ചട്ടപ്രകാരം നിർണ്ണയിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. വസ്തു നികുതി പരിഷ്കരണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ശ്രമിക്കേണ്ടതാണ്. വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് അനുവദിക്കുമ്പോൾ നിയമാനുസൃത പരിശോധനകൾ നടത്തേണ്ടതാണ്.

പദ്ധതികൾക്കായി അനുവദിക്കപ്പെടുന്ന മുഴുവൻ തുകകളും അതാത് വർഷം തന്നെ ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പർച്ചേസുകൾ നിയമാനുസൃതം ജെം മുഖേന നിർവ്വഹിച്ചിട്ടില്ല. സ.ഉ(ആർ.ടി)നം. 166/17/ത.സ്വ.ഭ.വ തീയതി 20.01.17 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

പദ്ധതി നടത്തിപ്പിനായി മറ്റ് സ്ഥാപനങ്ങൾക്കും ഏജൻസികൾക്കും തുക കൈമാറുമ്പോൾ കരാർ ഉണ്ടാക്കുകയും പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

2013-14 മുതൽ 2017-18 വരെയുള്ള എ.ജി.യുടെ ഓഡിറ്റ് പൂർത്തീകരിച്ച് റിപ്പോർട്ട് 14.03.2019 ന് ലഭ്യമായിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടിൽ ഗുരുതരമായ പരാമർശങ്ങളൊന്നുമില്ല.
പെർഫോർമൻസ് ഓഡിറ്റിന്റെ 12/2022 വരെയുള്ള ഓഡിറ്റ് 10.01.2023 തീയതിയിൽ പൂർത്തിയായിട്ടുണ്ട്. റിപ്പോർട്ട് 12.01.2023 ന് ലഭ്യമായിട്ടുണ്ട്.

## 1-11 നീക്കിയിരുപ്പുകളിൽ വ്യത്യാസം.

വാർഷിക ധനകാര്യപത്രികയിലെ നീക്കിയിരുപ്പും റീകൺസിലീയേഷൻ സ്റ്റേറ്റ്മെന്റിലെ പാസ്ബുക്ക്, ബാങ്ക്ബുക്ക് നീക്കിയിരുപ്പുകളും തമ്മിൽ വ്യത്യാസമുണ്ട്.

| | | റീകൺസിലീയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരുപ്പ് | | വാർഷിക ധനകാര്യ പത്രിക |
|---|---|---|---|---|
| ക്രമ നം. | അക്കൗണ്ട് നം. | പാസ്ബുക്ക് ബാലൻസ് | ബാങ്ക് ബുക്ക് ബാലൻസ് | RP 40(b) |
| 1 | Union Bank -654502010010797 | 363370 | 363370 | 215834 |
| 2 | SBT-57046740417 | 44283 | 44283 | 1175 |

ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (നം.6/13.10.2023) ലഭ്യമാക്കിയ വിശദീകരണത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, ആയവ ക്രമീകരിച്ചെന്നും മറുപടി നൽകിയിട്ടുണ്ട് .എന്നാൽ ചെക്ക് ഇഷ്യൂ ബട്ട് നോട്ട് പ്രസന്റഡ് വിഭാഗത്തിൽ ഉൾപ്പെടുന്ന 3 ചെക്കുകൾ (30000+30000+90000=150000) 31.3.2023ലെ വൌച്ചർ പ്രകാരമാണെങ്കിലും അവ തയ്യാറാക്കിയിരിക്കുന്നത് 2023 ഏപ്രിൽ മാസത്തിലെ തീയതികളിലാണെന്ന് ലെഡ്ജർ പരിശോധനയിൽ വ്യക്തമായി. സാമ്പത്തിക വർഷം അവസാനിച്ചതിനുശേഷവും മുൻ വർഷത്തെ ലെഡ്ജർ അക്കൗണ്ട്സിൽ മാറ്റം വരുത്താൻ കഴിയുന്നത് സോഫ്റ്റ് വെയറിന്റെ അരക്ഷിതാവസ്ഥയെ സൂചിപ്പിക്കുന്നു. ഭരണ സുതാര്യത ഉറപ്പുവരുത്തുന്നതിനായി കൊണ്ടുവന്നിട്ടുള്ള സോഫ്റ്റ്‌വെയർ സംവിധാനത്തെ മറികടക്കുംവിധം പഞ്ചായത്തിന് പ്രവർത്തിക്കാനാകുന്നത് ഭരണതലത്തിൽ പരിശോധിക്കേണ്ടതാണ്.

## 1-11-1 പ്രതിമാസ റീകൺസിലിയേഷൻ നടത്തിയത് ഓഡിറ്റ് വേളയിൽ

പഞ്ചായത്തിരാജ് അക്കൗണ്ട്സ് ചട്ടം 57 പ്രകാരം ബാങ്ക്/ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പു തുകകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറിഅക്കൗണ്ട്ബാലൻസ് സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. എല്ലാ മാസവും 5 തീയതിക്കകം അക്കൗണ്ടന്റ്, ബാങ്ക്/ട്രഷറിപൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കേണ്ടതാണ്. സെക്രട്ടറി പൊരുത്തപ്പെടുത്തൽ പത്രിക സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ പഞ്ചായത്തിന്റെ 2023 ഏപ്രിൽ മുതൽ ഓഗസ്റ്റ് മാസം വരെയുള്ള റീകൺസിലീയേഷൻ നാളിതുവരെ നടത്തിയിട്ടില്ല. ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (നം.6/13.10.2023)ലഭ്യമാക്കിയ വിശദീകരണത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ആയവ 2023 ഓക്ടോബർ 20 തീയതിക്കുള്ളിൽ പരിഹരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. പ്രതിമാസം ചെയ്യേണ്ട റീകൺസിലീയേഷൻ നടപടികൾ സമയപരിധിക്കകം പൂർത്തിയാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി പരിഷ്കരണം 2023

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തുകൾ അഞ്ചു വർഷത്തിലൊരിക്കൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി അവസാനമായി പുതുക്കി നിശ്ചയിച്ചത് 01.04.2013 പ്രാബല്യത്തിലാണ്. എന്നാൽ സംസ്ഥാനം അഭിമുഖീകരിച്ച പ്രളയം, കോവിഡ് മഹാമാരി തുടങ്ങിയ കാരണങ്ങളാൽ നികുതി പുതുക്കി നിശ്ചയിക്കേണ്ടിയിരുന്ന 01.04.2018 ൽ പുതുക്കി നിശ്ചയിക്കൽ

നടന്നിരുന്നില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളോടൊപ്പം സർക്കാർ ഏൽപ്പിക്കുന്ന മറ്റ് ചുമതലകളും നിർവ്വഹിക്കേണ്ടി വരുന്നുണ്ട്. പ്രസ്തുത ചുമതലകൾ കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കേണ്ടതിലേക്ക് ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനത്തിൽ കാലാനുസൃതമായ വർദ്ധനവ് ഉണ്ടാകേണ്ടത് അനിവാര്യമാണ്. ആറാം സംസ്ഥാന ധനകാര്യ കമ്മിഷൻ അതിന്റെ രണ്ടാം റിപ്പോർട്ടിൽ വസ്തു നികുതി പരിഷ്കരണം നടത്തുന്നതിന് ശുപാർശ നൽകിയിട്ടുമുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 203, പ്രകാരം 25 ശതമാനം വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും നിലവിലെ സാഹചര്യത്തിൽ സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ച് പ്രസ്തുത വ്യവസ്ഥയിൽ ഇളവു വരുത്തി വർഷം തോറും 5% (അഞ്ചു ശതമാനം) എന്ന തോതിൽ 01.04.2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും 2023-24 മുതലുള്ള വസ്തുനികുതിനിർണ്ണയ നടപടികളും വസ്തുനികുതി നിർണ്ണയത്തിനു ശേഷം തറവിസ്തീർണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയ നടപടികളും വസ്തുനികുതിയിൽ നൽകാവുന്ന ഇളവുകളും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

01.04.2023 തീയതി മുതലുള്ള വസ്തുനികുതി പരിഷ്കരണത്തിന്റെ (സ.ഉ.(കൈ)നം.77/2023/LSGD തീയതി: 22.03.2023) നടപടിക്രമങ്ങളുടെ തരൂർ ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി സംബന്ധിച്ച പരിശോധന വിവരങ്ങളാണ് പ്രത്യേക ഖണ്ഡികയായി ചുവടെ ചേർത്തിട്ടുള്ളത്. വസ്തുനികുതി നിർണ്ണയ(സഞ്ചയ) സോഫ്റ്റ്‌വെയർ പ്രകാരം തരൂർ ഗ്രാമപഞ്ചായത്തിൽ 16 വാർഡുകളിലായി 10946 കെട്ടിടങ്ങളാണ് നിലവിലുള്ളത്.

**വസ്തു നികുതി പരിഷ്കരണ നിരക്കുകളും മേഖലകളും റോഡിന്റെ തരംതിരിവും പുതുക്കൽ**

01.04.2023 മുതലുള്ള വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ 16.05.2023 ലെ 1-ാം നമ്പർ ശുപാർശയോടെ ഭരണസമിതിയുടെ 07.07.2023 ലെ 2/1 നമ്പർ തീരുമാനപ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകൾ അംഗീകരിക്കുകയും ആയത് പ്രകാരം വസ്തുനികുതി പരിഷ്കരണനിരക്കുകളും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ പ്രദേശത്തെ നടപ്പാതകളെ മേഖലകളായി തിരിച്ച് അന്തിമമായി വിജ്ഞാപനം ചെയ്യുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 08.08.2023 ന് അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

**വസ്തുനികുതി പരിഷ്കരണത്തിന് സഞ്ചയ സോഫ്റ്റ് വെയറിലെ ക്രമീകരണം**

01.04.2023 മുതലുള്ള വസ്തുനികുതി പരിഷ്കരണത്തിന് നാളിതുവരെയായും സഞ്ചയ സോഫ്റ്റ് വെയറിൽ ക്രമീകരണം വന്നിട്ടില്ല. നിലവിൽ കെട്ടിട നമ്പർ അനുവദിക്കുന്ന കെട്ടിടങ്ങൾക്ക് മുൻനിശ്ചയിച്ച പ്രകാരമുള്ള (2013ലെ) അടിസ്ഥാന വസ്തു നികുതി നിരക്കുകളാണ് ഈടാക്കി വരുന്നത് . ഇതിൽ സഞ്ചയയിലെ എല്ലാ കെട്ടിടങ്ങൾക്കും പഴയനിരക്കിലുള്ള വസ്തുനികുതിയുടെ 5% വർദ്ധനവ് സഞ്ചയ സോഫ്റ്റ് വെയറിൽ സ്വമേധയാ ഉണ്ടായിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ്‌വെയറിലേക്ക് ക്രമീകരണം ചെയ്ത് നൽകുന്ന മുറയ്ക്ക് നിലവിൽ 2023-24 മുതൽ കെട്ടിട നമ്പർ അനുവദിച്ച കെട്ടിടങ്ങൾക്ക് കെട്ടിട നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്.

**ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ നിയമനം**

വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ളോമ(സിവിൽ എഞ്ചിനീയറിങ്ങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ, എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണ്. വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി അതത് തദ്ദേശസ്വയംഭരണ സ്ഥാപന തീരുമാനത്തിന് വിധേയമായി കെട്ടിട നമ്പറിന് പരമാവധി 30 രൂപ ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കാവുന്നതാണ്. ഓരോ കെട്ടിടവും പരിശോധന നടത്തുന്നതിനൊപ്പം അതിന്റെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിലേക്ക് പരിശോധന നടത്തുന്നവർ തന്നെ ഡാറ്റാ എൻട്രി നടത്തി ചേർക്കേണ്ടതാണ്.

തരൂർ ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ആരെയും നിയമിച്ചതായ വിവരം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ്അന്വേഷണത്തിന് (2/11.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ, 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (സ.ഉ.(കൈ)നം.77/2023/LSGD തീയതി-22.03.2023) പാലിച്ചുകൊണ്ട്, വസ്തുനികുതി പരിഷ്കരണനടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-12-1 വസ്തുനികുതി-വാർഷിക കണക്കും സഞ്ചയ സോഫ്റ്റ് വെയറിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ വാർഷിക കണക്കും സഞ്ചയസോഫ്റ്റ് വെയറിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഷിക കണക്ക് പ്രകാരം | | | | | സഞ്ചയ പ്രകാരം | | |
|---|---|---|---|---|---|---|---|
| CODE | Item | Demand | R&P-45 | Balance Sheet | Demand (BT) | Collection (BT) | Balance (BT) |
| 431100102 | Receivables For Property Tax On Residential Buildings (Arrears) | 2134(Arrears)+ 168661 (Current)=170795 (മുൻ വർഷത്തെ B15 പ്രകാരമുള്ള തൻ വർഷത്തെ അരിയർ) | 170631 | 0 | 166338 | 168098 | 0 |
| 431100101 | Receivables For Property Tax On Residential Buildings (Current) | 1602702 | 1585984 | 0 | 1601006 | 1583868 | 1870 |

ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (നം.32/19.10.2023)മറുപടി ലഭ്യമാക്കിയിട്ടില്ല.

കെട്ടിടങ്ങളുടെ വസ്തുനികുതിയിനത്തിൽ സഞ്ചയസോഫ്റ്റ്വെയറിലെ തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. ഡിമാൻഡ്-കളക്ഷൻ-ബാലൻസ് എന്നിവ കൃത്യതയോടെ തയ്യാറാക്കേണ്ടതുമാണ്. കുടിശ്ശിക തുകകൾ കൃത്യമായി നിർണ്ണയിക്കപ്പെടാത്തത് വരുമാനനഷ്ടം ഉണ്ടാകുവാൻ കാരണമാകും . അതിനാൽ നികുതി വരവുകളുടെ കൃത്യത ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12-2 കെട്ടിടം വാണിജ്യ ആവശ്യത്തിലേയ്ക്ക് തരം മാറ്റിയിട്ടില്ല.

സഞ്ചയ സോഫ്റ്റ് വെയറിലെ ഡാറ്റ പരിശോധിച്ചതിൽ വ്യവസായ,വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളും ഗാർഹികം എന്ന വിഭാഗത്തിൽ ഉൾപ്പെട്ടതായി കാണുന്നു. ലൈസൻസ് രേഖകൾ പ്രകാരം ശ്രീ.കബീർ മരുതക്കോട് തോണിപ്പാടം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ടി.എസ്.കെ ഇവന്റ്സ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നത് 9/139 നമ്പർ കെട്ടിടത്തിലാണ്. പ്രസ്തുത കെട്ടിടം പാർപ്പിടാവശ്യം എന്നാണ് സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ARVയായതിനാൽ നികുതി നഷ്ടം സംഭവിക്കുന്നില്ലെങ്കിലും കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്താതെ ലൈസൻസ് അനുവദിച്ചത് ശരിയായ നടപടിക്രമമല്ല. സ്വന്തം കെട്ടിടമാണെങ്കിൽ അവസാനമായി നികുതി അടവാക്കിയ രസീതി പരിശോധിച്ചാണ് ലൈസൻസ് അനുവദിക്കേണ്ടത്. എന്നാൽ അത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഇതുസംബന്ധിച്ച എൻക്വയറിക്ക് (25/19.10.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് അനുവദിക്കുമ്പോൾ സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വിവരങ്ങൾ സഞ്ചയയിൽ കൂടി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

**1-13 തൊഴിൽ നികുതി രജിസ്റ്റർ, ലെഡ്ജർ,എന്നിവയിലെ തുകകളിൽ വ്യത്യാസം**

തൻ വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, ലെഡ്ജർ എന്നിവയിലെ വരവ് തുകകൾ തമ്മിൽ വ്യത്യാസമുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഡേ ബുക്ക് പ്രകാരം | | | | ലെഡ്ജർ പ്രകാരം ലഭ്യമായ തുക | രജിസ്റ്റർ(2 അർദ്ധ വർഷങ്ങളും കൂടി) |
|---|---|---|---|---|---|---|
| | സ്ഥാപനം അടവാക്കിയ വ്യക്തി | രസീതി/ തീയതി | വരവ്സ്വീകരിച്ച ഹെഡ് | തുക | | |
| 1 | തോണിപ്പാടം കോ.ഓപ്പറേറ്റീവ് സൊസൈറ്റി | 1220101979/ 26.7.2022 | Recoveries From Employees | 8100 | 0 | 5000 |
| 2 | കുട്ടപ്പൻ,സന്തോഷ് സോമിൽ, വാവുള്ള്യാപുരം | 1220102033/ 29.7.2022 | Profession Tax (Traders/Institutions | 2000 | 0 | 540 |
| 3 | ,, | 1220102034/ 29.7.2022 | ,, | 1800 | 0 | 540 |
| 4 | ഷമീർ സോമിൽ | 1220103121/ 24.9.22 | Profession Tax (Traders/Institutions) | 1960 | 0 | 960 |
| 5 | മലയാളം ഗ്രാനൈറ്റ് ക്വാറി | 1220103473/ 11.10.22 | Profession Tax (Traders/Institutions) | 720 | 0 | 720 |
| 6 | മലയാളം ഗ്രാനൈറ്റ് ക്വാറി | 1220103474/ 11.10.22 | ,, | 720 | 0 | 720 |

1. ക്രമ നമ്പർ 1,2,3 എന്നിവയുടെ വരവുകളിൽ ഡേ ബുക്കിലെ തുകയും രജിസ്റ്ററിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം മേൽ പരാമർശിച്ച ക്രമ നം.1 മുതൽ 6 വരെയുള്ള സ്ഥാപനങ്ങളിലെ തൊഴിൽ നികുതി അടവാക്കിയതായി സൂചിപ്പിക്കുന്ന രസീതികൾ വാർഷിക ധനകാര്യ പത്രികയിലെ ലെഡ്ജർ (Head-code-110200102|-Profession Tax - Employees) പ്രകാരമുള്ള ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ തൊഴിൽ നികുതി രജിസ്റ്ററിൽ ടി തുക ഉൾപ്പെടുത്തിയിട്ടുണ്ട്. വാർഷിക സംക്ഷിപ്തം രജിസ്റ്ററും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് ( 11/14.10.2023 )മറുപടി ലഭ്യമാക്കിയിട്ടില്ല.

രജിസ്റ്ററിൽ രസീതി പ്രകാരമുള്ള കൃത്യമായ വരവ് രേഖപ്പെടുത്തേണ്ടതും അവയുടെ ആകെതുക സംക്ഷിപ്തത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്ന വേളയിൽ രജിസ്റ്ററും വാർഷിക കണക്കും പൊരുത്തപ്പെടുത്തുമ്പോൾ അപാകതകൾ ഇല്ലാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ് .

**1-14 ലൈസൻസ് - അപാകതകൾ**

ഗ്രാമപഞ്ചായത്ത് തൻവർഷം സ്വീകരിച്ച പുതിയ ലൈസൻസിനുള്ള അപേക്ഷകളിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

**1-14 -1 മോട്ടോർ ഫീ ഈടാക്കിയിട്ടില്ല.**

തൻ വർഷം അനുവദിച്ച പുതിയ ലൈസൻസുകളിൽ വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ,നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിനുള്ള മോട്ടോർ ഫീ ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് നം | മേൽവിലാസം | സ്ഥാപനത്തിന്റെ പേര് | മോട്ടോർ |
|---|---|---|---|---|
| 1 | A3/1061 | ഭവദാസ് | ശ്രീരാമ റൈസ് | 10 HP |

| | | | | |
|---|---|---|---|---|
| | /22-23/12 Dt.16.5.2022 | | മിൽ | |
| 2 | 400824/RPTL-19/GPO /22-2514 Dt.21.11.2022 | റഫീക്ക് എച്ച്,ചേരുംമ്പാടം | 3ആർ ഹോളോ ബ്രിക്സ് | 7 HP |
| 3 | Sc3/2642/2022 Dt.6.10.2022 | സജിത ബീഗം ,കുണ്ടുകാട് | അൽമാസ് പാവേഴ്സ് ആന്റ് ടൈൽസ് അത്തിപ്പൊറ്റ | 11 HP |

ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (25/19.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. 31.10.2017-ലെ സ.ഉ (പി) നമ്പർ-80/2017/തസ്വഭവ ഉത്തരവ് പ്രകാരമുള്ള കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടം 12 പ്രകാരം പുതിയ ലൈസൻസ് അനുവദിക്കുമ്പോൾ യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കുള്ള വിവരം ലൈസൻസ് അപേക്ഷ സമർപ്പിക്കുന്ന വേളയിൽ അറിയിക്കേണ്ടതും ലൈസൻസ് അനുവദിക്കുമ്പോൾ ചട്ടം 18, 19പട്ടിക III പ്രകാരമുള്ള ഇൻസ്റ്റലേഷൻ ഫീ ഈടാക്കേണ്ടതുമാണ്. എന്നാൽ അപേക്ഷകൻ ടി വിവരം അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടും ഗ്രാമപഞ്ചായത്ത് ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കിയിട്ടില്ല. ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-14-2 സംരംഭത്തിന്റെ തരത്തിനനുസരിച്ച് നിശ്ചിത ഫീസ് അടവാക്കിയിട്ടില്ല.**

| ഉടമയുടെ പേര് | സ്ഥാപനം | ലൈസൻസ് നം. | മൂലധനം | സംരംഭത്തിന്റെ തരം | രസീതി പ്രകാരം ഈടാക്കിയ ഫീസ് /തീയതി |
|---|---|---|---|---|---|
| അശ്വിൻ .ഇ.വി | എ.ആർ.ഡി ഡിസൈനേഴ്സ് തത്രൂർ പള്ളി | Sc3-2491/2022-282 Dt.28/9/2022 | ലഭ്യമല്ല. | മിനി എന്റർ പ്രൈസസ് | 200 1220103411 /Dt 7.10.2022 |

പട്ടിക II (ചട്ടം 7 മുതൽ 22 വരെ) പ്രകാരം മിനി എന്റർ പ്രൈസസ് വിഭാഗത്തിൽ ഉൾപ്പെടുന്നവയ്ക്ക് 1000രൂപയാണ് ഫീസ് എങ്കിലും 200 രൂപ മാത്രമേ അടവാക്കിയിട്ടുള്ളൂ. അപേക്ഷയിൽ മൂലധനനിക്ഷേപത്തിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. സംരംഭത്തിന്റെ തരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപേക്ഷകളിൽ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ നിശ്ചിത ഫീസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 25/19.10.23 – മറുപടി ലഭ്യമായില്ല)

**1-14-3 തൻ വർഷം സ്വീകരിച്ച പല അപേക്ഷയിലും വിവരങ്ങൾ അപൂർണ്ണം**

തൻ വർഷം സ്വീകരിച്ച പല ലൈസൻസ് അപേക്ഷകളിലും പൂർണ്ണമായ വിവരങ്ങൾ ചേർത്തിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് നം | മേൽവിലാസം | സ്ഥാപനത്തിന്റെ പേര് | ഹാജരാക്കാത്ത വിവരങ്ങൾ |
|---|---|---|---|---|
| 1 | 400824/RPTL /19/GPO/22 Dt.1.10.2022 | സുമിത്ര സുബ്രമണ്യൻ, മന്ദത്ത് പറമ്പ് | എസ്.എസ് ബേക്കറി തത്രൂർ | മൂലധന നിക്ഷേപം, മേഖല, കാറ്റഗറി. |
| 2 | 400824/RPTL19 /GPO/2022/3190 Dt.10.10.2022 | അഷിഷ് ഗോപിനാഥൻ മേനോൻ | കുറുപ്പത്ത് ഫാംസ് ചൈനീസ് ഫുഡ് പാർസൽ സർവ്വീസ് | വിസ്തീർണ്ണം, ജീവനക്കാരുടെ എണ്ണം, മാലിന്യസംസ്കരണം. ഫുഡ്ആൻഡ് സേഫ്റ്റി, മേഖല, കാറ്റഗറി. |
| 3 | 400824/RPTL19 /GPO/2022/2749 Dt.20.10.2022 | നജ്മുന്നിസ,കാട്ടുശ്ശേരി | മദർഫുഡ്സ് | ഫുഡ് ആൻഡ് സേഫ്റ്റി, കാറ്റഗറി. |
| 4 | A3/sc3 /1793/2022 /22-269 Dt.22.8.2022 | സാദിക്ക് .എം.എസ് | ടീം.വിൻ റാഫൽ ബേക്കറി. | ഫുഡ് ആൻഡ് സേഫ്റ്റി. മേഖല,കാറ്റഗറി. |
| 5 | A3/sc3/1103/22 /22-23 Dt.5.7.2022 | വി.കെ രാജു | ബേബി ബേക്കറി | „ |
| 6 | A3/sc3 /1170/22-23 Dt.21.7.2022 | കബീർ,മരുതക്കോട് തോണിപ്പാടം | ടി.എസ്.കെ ഇവന്റസ് | „ |
| 7 | 400824/RPTL19 /GPO/2022 -2639 Dt.19.11.22 | അബ്ദുൾ ഖാദർ ,ചേറ്കോട് തോണിപ്പാടം | കെൻസ സ്റ്റോർ | മേഖല,കാറ്റഗറി. |
| 8. | A3/sc3 /1415/2022 /2022-266 Dt.25.7.2022 | ഹേമാംബിക പ്രദീപ് ,കളത്തിൽ മണ്ണിയത്ത് വീട് ,പഴമ്പാലക്കോട് | ഹരേകൃഷ്ണ ഹാർഡ് വെയഴസ് | വിസ്തീർണ്ണം, ജീവനക്കാരുടെ എണ്ണം, മൂലധനം |
| 9 | 400824/RPTL19 /GPO/2022 -3799 Dt.7.1.2023 | നിഹാദ് .കെ.എസ്,മൂവാറ്റുപുഴ | നാച്ചറ എന്റർപ്രൈസസ് | വിസ്തീർണ്ണം, ജീവനക്കാരുടെ എണ്ണം, മാലിന്യസംസ്കരണം, മേഖല |

31.10.2017-ലെ സ.ഉ (പി) നമ്പർ-80/2017/തസ്വഭവ ഉത്തരവ് പ്രകാരമുള്ള കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങളിലെ ചട്ടം7 പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന പരമാവധി ഫീസ് ഉൽപാദന, സേവന മേഖല എന്നിവയ്ക്ക് വ്യത്യസ്ത നിരക്കിലാണ്. ആവശ്യമായ വിവരങ്ങളുടെ അഭാവത്തിൽ നിർണ്ണയിച്ച ഫീസിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

സ.ഉ(സാധാ)നം.191/2021/ത.സ്വ.ഭ.വ തീയതി 31.8.2021 ലെ ഉത്തരവ് പ്രകാരം ആവശ്യമായ രേഖകൾ സഹിതം അപേക്ഷകൾ സമർപ്പിക്കുന്നു എന്നും ലൈസൻസ് അപേക്ഷയിൽ വിവരങ്ങൾ കൃത്യമായി പൂരിപ്പിച്ചിട്ടുണ്ട് എന്നും ഉറപ്പുവരുത്തേണ്ടതാണ്. പുതിയ ലൈസൻസ് അപേക്ഷയിൽ മൂലധനത്തിന്റെ വിവരം ലഭ്യമാകാതെ ലൈസൻസ് ഫീസ് നിർണ്ണയം നടത്തിയതിനെ കുറിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/19.10.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. മൂലധനം, സേവനമേഖല, ഉൽപാദന മേഖല,കാറ്റഗറി,എന്നിവ പരിശോധിച്ച് കൃത്യമായി ഫീസ് നിർണ്ണയിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-14-4 ഉദ്യം സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.**

തൻ വർഷം ലൈസൻസ് അനുവദിച്ച (നം.400824/RPTL19/GPO/2022/2504 Dt.10.10.2022) മുഹമ്മദ്ദ് മുസ്തഫ ചെരുവതൊടി, ഷാനവാസ് കുന്നത്ത് എന്നിവരുടെ ഉടമസ്ഥതയിലുള്ള മംമ്സ് ഫുഡ്സ് (സ്വീറ്റ്സ് നിർമ്മാണം) എന്ന സ്ഥാപനം പ്രവർത്തിക്കുന്ന 15/582 നമ്പർ കെട്ടിടം, സഞ്ചയപ്രകാരം വസ്തുനികുതി നിർണ്ണയത്തിൽ എം.എസ്.എം.ഇ കാറ്റഗറിയിൽ ഉൾപ്പെട്ടതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ലൈസൻസ് അപേക്ഷയിൽ ഇതു സാധൂകരിക്കുന്ന ഉദ്യം സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ആയതിനാൽ കെട്ടിടം ഉടമ ഉദ്യം രജിസ്ട്രേഷൻ പൂർത്തികരിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് കെട്ടിട നികുതി നിശ്ചയിക്കേണ്ടതാണ്.

**1-14-5 ലൈസൻസ് അപേക്ഷകളിൽ മാലിന്യ നിർമാർജ്ജന സംവിധാനത്തെപ്പറ്റി പരാമർശിച്ചിട്ടില്ല.**

സ.ഉ (സാധ) നം. 2511/2017/തസ്വഭവ തീയതി 22.07.2017 യിലെ ഉത്തരവ് പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഹോട്ടലുകൾ, ക്ലബുകൾ, കല്ല്യാണമണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യ വസ്തുക്കൾ വിൽക്കുന്ന സിനിമ തിയേറ്ററുകൾ, ഭക്ഷണശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ, പച്ചക്കറി-പഴം വിപണന കേന്ദ്രങ്ങൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരം തിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസക്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക്ക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ. കൂടാതെ 31.8.2021 ലെ തദ്ദേശസ്വയംഭരണ ആർ.ഡി വകുപ്പിന്റെ സ.ഉ (കൈ) 191/2021 തസ്വഭവ ഉത്തരവ് പ്രകാരം മീഡിയം, ഹൈ കാറ്റഗറിയിൽ വരുന്ന പുതിയ സ്ഥാപനങ്ങൾക്ക് സ്ഥലപരിശോധന നടത്തി മാലിന്യ സംസ്കരണസംവിധാനം ഉണ്ടെങ്കിൽ മാത്രമേ പ്രവർത്തനാനുമതി നൽകാവൂ എന്നും നിലവിലുള്ള സ്ഥാപനങ്ങളിൽ നിശ്ചയിക്കപ്പെട്ട ഇടവേളകളിൽ ഇത്തരം പരിശോധന നടത്തണമെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സ്വീകരിച്ചിരിക്കുന്ന പല അപേക്ഷകളിലും അപേക്ഷകർ മാലിന്യ നിർമാർജ്ജന സംവിധാനത്തെപ്പറ്റി പരാമർശിച്ചിട്ടില്ല. ഇത് സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കപ്പെടുന്നുമില്ല. ലൈസൻസ് അനുവദിക്കുന്ന ഘട്ടത്തിൽ മാലിന്യ സംസ്കരണത്തിനുള്ള മാർഗ്ഗങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

**1-15 കൃഷി സ്ഥലം ലേലം -അപാകതകൾ**

തരൂർ ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡ് (കാവുങ്കൽ) ചമ്മിണ്ണിക്കുളമ്പിൽ പട്ടികജാതി വിഭാഗഫണ്ട് വിനിയോഗിച്ച് ജനകീയാസൂത്രണ പദ്ധതി 1998-1999 പ്രകാരം വാങ്ങിയ ഭൂമി ((റീ സർവ്വേ നം(37/1,37 /2,37/3,37/4,38/1) 461.5 സെന്റ്) യിൽ നിന്നും ലേലത്തിലൂടെ 25സെന്റ് വീതം 14 പേർക്കായി പാട്ടത്തിനായി ഒരു വർഷത്തേയ്ക്ക് നൽകിയിട്ടുണ്ട്. ഈ ആവശ്യത്തിനായി ലേലം നടത്തിയ 1.6.2022ലെ എസ്.സി-1-4703/2018 നം.ലേല പരസ്യത്തിൽ സർക്കാർ ലേലത്തിന്റെ എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ലേലം കൊണ്ട പലവ്യക്തികളും ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. എഗ്രിമെന്റ് ചമച്ചിട്ടില്ല. മുഴവൻ ലേലതുകയും ഒടുക്കിയിട്ടുമില്ല. ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (26/19.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ തുടർഖണ്ഡികളായി ചുവടെ ചേർക്കുന്നു.

**1-15-1 എഗ്രിമെന്റ്,ജാതി സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിച്ചിട്ടില്ല.**

ഗ്രാമപഞ്ചായത്തിൽ നിന്നും ലേലം കൊണ്ട താഴെ പറയുന്ന വ്യക്തികൾ എഗ്രിമെന്റ്, ജാതി

സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിച്ചിട്ടില്ല.

| ക്രമ നം. | പേര് |
|---|---|
| 1 | രമ.എം ചമ്മിണി |
| 2 | ചന്ദ്രിക ചമ്മിണി, അത്തിപ്പൊറ്റ |
| 3 | ചാമിയർ പുളിയാംപൊറ്റ |
| 4 | സുരേഷ് പുളിയാം പൊറ്റ |
| 5 | ലക്ഷ്മി.സി. പുളിയാം പൊറ്റ |
| 6 | മാതു.സി. പുളിയാം പൊറ്റ |
| 7 | ദേവു |
| 8 | ചിന്നമ്മു അത്തിപ്പൊറ്റ |
| 9 | പങ്കജം |

ലേലം കൊണ്ട വ്യക്തികൾ അവ സാധൂകരിയ്ക്കുന്ന തെളിവുകൾ ഹാജരാക്കേണ്ടതാണ്. കൂടാതെ 2005 ലെ പഞ്ചായത്തിരാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടം 7 പ്രകാരം വസ്തു വാടകയ്ക്കോ, പാട്ടത്തിനോ നൽകുമ്പോൾ ഉപചട്ടം (2) ൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുസൃതമായി മതിയായ മൂല്യമുള്ള സ്റ്റാമ്പ് പേപ്പറിൽ എഗ്രിമെന്റ് ചമയ്ക്കേണ്ടതാണ്. നടപടിക്രമങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**1-15-2 ലേലതുക അടവാക്കിയിട്ടില്ല.**

ലേലത്തിന്റെ വ്യവസ്ഥ പ്രകാരം കൃഷിക്കായി ഭൂമി ലഭിച്ച വ്യക്തികൾ 510 രൂപയാണ് ലേലതുകയായി നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന വ്യക്തികൾ ലേലതുക പൂർണ്ണമായും അടവാക്കിയിട്ടില്ല.

| | | |
|---|---|---|
| 1 | സുരേഷ്. പുളിയംപൊറ്റ, അത്തിപ്പൊറ്റ | 510 |
| 2 | ലക്ഷമി.സി പുളിയംപൊറ്റ, അത്തിപ്പൊറ്റ | 510 |
| 3 | മാതു, പുളിയംപൊറ്റ, അത്തിപ്പൊറ്റ | 510 |
| 4 | ദേവു, പുളിയംപൊറ്റ, അത്തിപ്പൊറ്റ | 510 |
| | | 2040 |

510 രൂപ നിരക്കിൽ പതിനാല് വ്യക്തികളിൽ നിന്ന് 14X510=7140 രൂപയാണ് ലഭിക്കേണ്ടത്. തൻ വർഷത്തെ വരവായി R&P -Sundry Debtors(Receivables)(R)- Code-431400103 Rent Receivables From Lease Of Lands(Current)- 7140 -രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ലെഡ്ജർ പരിശോധനയിൽ ആകെ 10 വ്യക്തികൾ മാത്രമാണ് തുക അടവാക്കിയതായി കാണുന്നത്. മറ്റ് നാലു വരവുകൾ തെറ്റായ ഹെഡിൽ രസീതുകൾ സ്വീകരിച്ചതാണെന്ന് ലെഡ്ജറിലെ നരേഷനിൽ വ്യക്തമാക്കിയിട്ടുണ്ട്. ഫയൽ പരിശോധനയിൽ നിന്നും മേൽ പറഞ്ഞ 4 വ്യക്തികൾ ലേലതുക അടവാക്കിയിട്ടില്ലെന്നും വ്യക്തമാണ്. ലേലകുടിശ്ശിക 2040 രൂപ നാളിതു വരെയും ഒടുക്കിയിട്ടില്ല. (ലേലസമയത്ത് EMD ആയി ഇവരിൽ നിന്നും 100 രൂപ വീതം ഈടാക്കിയിട്ടുണ്ട്.) ആയതിനാൽ കുടിശ്ശിക തുക ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വാർഷികകണക്ക് തയ്യാറാക്കുമ്പോൾ വരവിന്റെയും കുടിശ്ശികയുടേയും കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

**1-15-3 ലേലം- മാനദണ്ഡങ്ങൾ നിശ്ചയിക്കേണ്ടതാണ്.**

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 256- പ്രകാരം, ഈ ആക്ടിലേയും മറ്റേതെങ്കിലും നിയമത്തിലേയും വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്തിന് അത് ഏതു കാര്യങ്ങൾക്കായി രൂപീകരിക്കപ്പെട്ടുവോ ആ കാര്യങ്ങളിലേതെങ്കിലും നിറവേറ്റാൻ സർക്കാരിന്റെ അംഗീകാരത്തോടുകൂടി ബൈലാകൾ ഉണ്ടാക്കാവുന്നതാണ്. 2005 ലെ പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം വസ്തു വാടകയ്ക്കോ, പാട്ടത്തിനോ നൽകുന്നതിന് അനുമതി നൽകുന്നുണ്ട്. പട്ടികജാതി വിഭാഗങ്ങൾക്ക് വാങ്ങിയ ഭൂമി ലേലത്തിലൂടെ കാർഷിക ആവശ്യങ്ങൾക്ക് നൽകുന്നതിന് കൃത്യമായ മാനദണ്ഡങ്ങൾ നിശ്ചയിച്ച് ബൈലോ

തയ്യാറാക്കേണ്ടതാണ്.

**1-16 കാലഹരണപ്പെട്ട വസ്തുക്കളിൽ നിന്നുമുള്ള ലേലം -രേഖകൾ ഹാജരാക്കിയില്ല**

Receipts From Auction Of Obsolete Assets എന്ന വരവിന്റെ ലെഡ്ജർ (- Head Code-150120103-95500) പ്രകാരം 23-05-2022 തീയതിയിൽ കരീമുദ്ദീൻ S/o മുഹമ്മദ് എന്നിവരുടെ പേരിൽ 1220100929 നം,രസീതി പ്രകാരം(Narration - 1220100565 Date05/05/2022,1220100566 Date05/05/2022) 95500 രൂപ പ്രസ്തുത ഹെഡിൽ വരവായി സ്വീകരിച്ചിരിക്കുന്നു. എന്നാൽ ഈ ഹെഡിലെ വരവ് പരിശോധിക്കുന്നതിനായി ഓഡിറ്റ് അന്വേഷണം 13/16.10.2023 മുഖേന ഫയൽ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത വരവിന്റെ കൃത്യത ഉറപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഫയൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

**1-17 ഹോമിയോ ആശുപത്രി -മരുന്ന് ലഭ്യമായിട്ടില്ല.**

| | |
|---|---|
| പ്രൊജക്ട്- | S0085/23- ഹോമിയോ ആശുപത്രി മരുന്നു വാങ്ങൽ |
| നിര്വ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ ) |
| അടങ്കൽ | 200000രൂപ (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് തുക: | 200000രൂപ |
| ചെലവ്- | ബിൽ നം -1/22-23/ 18.10.2022 |

തദ്ദേശ ഗവൺമെന്റ് ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ എന്ന പ്രൊജക്ട് പ്രകാരം തൻ വർഷം 2 ലക്ഷം രൂപ കേരളസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് -ഹോംകോയ്ക്ക് 18.10.2022 ന് (A/c34306403911) നൽകിയിട്ടുണ്ട്. ഹോംകോയുടെ നമ്പർ 6678/14.11.2022 പ്രകാരം 2 ലക്ഷം രൂപ രസീതിയാക്കിയിട്ടുണ്ട്. LF-470/23-24 കത്ത്, ബിൽ എന്നിവ പ്രകാരം 7.7.2023 തീയതിയിൽ 57384 രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. അവശേഷിക്കുന്ന 142616 രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസറും ഹോംകോയും തമ്മിലുള്ള എഗ്രിമെന്റ് (1) പ്രകാരം മരുന്നുകൾ ഹോംകോ രസീതിയാക്കിയ തീയതി മുതൽ 9 മാസത്തിനുള്ളിൽ നൽകേണ്ടതാണ്. എന്നാൽ 11 മാസം കഴിഞ്ഞിട്ടും മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക്(14/16.10.2023) വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

കരാർ കാലാവധി കഴിഞ്ഞിട്ടും ലഭ്യമാവാത്ത 142616 രൂപയുടെ മരുന്ന് ലഭിക്കുന്നതിനായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാവുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് ഇൻവോയിസ് , ഫൈനൽ ബില്ല് , സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-18 ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല**

2022-23 വർഷത്തിൽ ഭവന നിർമ്മാണത്തിനായി 2 സ്പിൽഓവർ പദ്ധതികളുൾപ്പെടെ 4 പദ്ധതികൾ വി ഇ ഒ നടപ്പാക്കിയിട്ടുണ്ട്.

| പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|
| ലൈഫ് (എസ്.സി )- 16/23 | 123401 (Scp) + 1500000 (Dt,pt.share) | 123401 (Scp) + 1174000 (Dt.Pt.share) |
| ലൈഫ് (എസ്.സി )- 74/23 | 1102599 (SCP) | 1102599 |
| ലൈഫ് (Gl )- 20/23 | 939412 (Plan) + 1520000(Dt.Pt) | 620000 + 800000 |

| | | |
|---|---|---|
| | | (Dt.pt.share) |
| ലൈഫ് ( GI)- 75/23 | 1000000 (Plan) | 240000 |

രേഖകൾ പരിശോധിച്ചതിൽ 2022 -23 ൽ എഗ്രിമെന്റിലേർപ്പെട്ട ലൈഫ് - Phase -3, EPIP പദ്ധതികളിലുൾപ്പെട്ട ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പുരോഗമിച്ചു വരുന്നതായും മുൻവർഷങ്ങളിൽ എഗ്രിമെന്റിലേർപ്പെട്ട ഗുണഭോക്താക്കളിൽ ചിലർ ധനസഹായം കൈപ്പറ്റി നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല എന്നും കണ്ടെത്തി. നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | നല്കാനുള്ള തുക |
|---|---|---|---|
| 1. | ഉഷ W/o രാജൻ, കുണ്ടുപറമ്പ്, അത്തിപ്പൊറ്റ | 300000 | 100000 |
| 2 | അനിത W/o നാരായണൻ, ചേലക്കാട്കുന്ന്, തരൂർ | 360000 | 40000 |
| 3 | രജിത. കെ W/o രതീഷ് കരടിക്കുന്ന്, തരൂർ | 360000 | 40000 |
| 4 | ഷീജ. ബി, W/o മാണിക്കൻ ഉട്ടുപ്പുരപ്പടി, പഴമ്പാലക്കോട് | 40000 | 360000 |
| 5 | രാജൻ S/oപഴനി, ആങ്കര, നെച്ചൂർ | 300000 | 100000 |
| 6 | അനിത W/o ശിവദാസൻ (L), ചേലക്കാട്ടുകുന്ന് | 360000 | 40000 |
| 7 | വിനോദ് S/o രാമനാഥൻ, കൃഷ്ണൻകോവിൽ, പാവടി, പഴമ്പാലക്കോട് | 300000 | 100000 |
| 8 | ഭാഗ്യലത W/o അയ്യസ്വാമി, ജാനകി നിവാസ്, പഴമ്പാലക്കോട് | 40000 | 360000 |

മേൽ സൂചിപ്പിച്ച വ്യക്തികളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും, ആയത് പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരവും അറിയിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 27/19.10.23) മറുപടി ലഭ്യമായില്ല.

ഭവനനിർമ്മാണം പൂർത്തിയാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-19 മേൽപ്പുരറിപ്പയർ -പൂർത്തീകരിച്ചില്ല.**

| | |
|---|---|
| പ്രൊജക്റ്റ് നം | 144 |
| പ്രൊജക്റ്റിന്റെ പേര് | മേൽപ്പുരറിപ്പയർ - ഭവനപുനരുദ്ധാരണം - ജനറൽ (NEW ) |
| അടങ്കൽ | 2200545 (വികസനഫണ്ട് - ജനറൽ) |
| ചെലവ് | 839759 (വികസനഫണ്ട് - ജനറൽ) |
| ബിൽ/ നം, തീയതി | 21/09.02.23 – 230000<br>25/21.02.23 – 60000<br>33/16.03.23 – 60000<br>36/16.03.23 – 250000<br>43/24.03.23 – 100000<br>46/29.03.23 - 24759<br>51/25.03.23 - 115000 |

വി ഇ ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽപ്പറഞ്ഞ പദ്ധതിയിലെ താഴെപ്പറയുന്ന ഗുണഭോക്താവ് മേൽപ്പുരറിപ്പയർ പദ്ധതിക്കുള്ള ധനസഹായമായ 25000 രൂപയിൽ ആദ്യഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിലും പ്രവൃത്തി നാളിതുവരെയും പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ക്രമ നം. | പേര്, മേൽവിലാസം | കൈപ്പറ്റിയതുക |
|---|---|---|
| 1 | സുശീല W/o കുമാരൻ, അത്തിപ്പൊറ്റ | 10000 |

ഭവനപുനരുദ്ധാരണത്തിന്റെ നിലവിലെ സ്ഥിതിയും നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച തുടർനടപടികളുടെ വിവരവും അറിയിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 29/19.10.23) മറുപടി ലഭ്യമായില്ല.

ഭവന പുനരുദ്ധാരണം പൂർത്തിയാക്കുന്നതിനായി നടപടി സ്വീകരിക്കേണ്ടതും , പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 1-20 മേൽപ്പുരറിപ്പയർ(സ്പിൽ ഓവർ) -പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രൊജക്റ്റ് നം | 17 |
| പ്രൊജക്റ്റിന്റെ പേര് | മേൽപ്പുരറിപ്പയർ - ഭവനപുനരുദ്ധാരണം - ജനറൽ<br>(സ്പിൽഓവർ ) |
| അടങ്കൽ | 617084 – വികസനഫണ്ട് - ജനറൽ |
| ചെലവ് | 447084 - വികസനഫണ്ട് - ജനറൽ |
| ബിൽ/ നം, തീയതി | 1/10.06.22 –227084<br>2/28.06.22 –70000<br>3/17.09.22 - 25000<br>5/10.10.22 –10000<br>6/27.10.22 –15000<br>7/18.11.22 –15000<br>9/14.11.22 –20000<br>17/31.03.23 - 15000<br>23/15.02.23 –15000<br>31/17.03.23 –10000<br>39/24.03.23 - 15000<br>42/24.03.23 - 10000 |

വി ഇ ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽപ്പറഞ്ഞ പദ്ധതിയിലെ താഴെപ്പറയുന്ന ഗുണഭോക്താക്കൾ മേൽപ്പുരറിപ്പയർ പദ്ധതിക്കുള്ള ധനസഹായമായ 25000 രൂപയിൽ 10000 രൂപ ( അഡ്വാൻസ്) കൈപ്പറ്റിയിട്ടുണ്ടെങ്കിലും പ്രവൃത്തി നാളിതുവരെയും പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ക്രമ നം. | പേര്, മേൽവിലാസം | കൈപ്പറ്റിയ തുക |
|---|---|---|
| 1 | റഹ്മത്ത് ഷാഹുൽ ഹമീദ്, കുണ്ടുപുറം, തത്രൂർ | 10000 |
| 2 | തങ്കമ്മ, പടിഞ്ഞാറ്റുമുറി, പഴമ്പാലക്കോട് | 10000 |

ഭവനപുനരുദ്ധാരണത്തിന്റെ നിലവിലെ സ്ഥിതിയും നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച തുടർനടപടികളുടെ വിവരവും അറിയിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നം - (28/19.10.23) മറുപടി ലഭ്യമായില്ല.

ഭവന പുനരുദ്ധാരണം പൂർത്തിയാക്കുന്നതിനായി നടപടി സ്വീകരിക്കേണ്ടതും , പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 1-21 ഭിന്നശേഷി സ്കോളർഷിപ്പ് – അർഹമായ നിരക്കിൽ നൽകിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

| | |
|---|---|
| ഉദ്യോഗസ്ഥ | |
| പ്രൊജക്റ്റ് നം | 89 |
| പ്രൊജക്റ്റിന്റെ പേര് | ഭിന്നശേഷി സ്കോളർഷിപ്പ് |
| അടങ്കൽ | 550000 (വികസനഫണ്ട്- ജനറൽ - 300000 + ബ്ളോക്ക് ഷെയർ - 150000 + ജില്ലാപഞ്ചായത്ത് ഷെയർ - 100000) |
| ചെലവ് | 515700 (വികസനഫണ്ട്- ജനറൽ - 299300 + ബ്ളോക്ക് ഷെയർ - 125000 + ജില്ലാപഞ്ചായത്ത് ഷെയർ - 91400) |
| ബിൽ/ റിക്വിസിഷൻ നം, തീയതി | 7/27.10.22 – 100000<br>8/27.10.22 – 299300<br>12/28.11.22 – 25000<br>10/14.11.22 - 91400 |

മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരം 2022 - 23 സാമ്പത്തിക വർഷത്തിൽ ആകെ 40 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട് .

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ )നം 115/2022/ത.സ്വ.ഭ.വ തീയതി 28.05.22 പ്രകാരം സ്പെഷൽ സ്കൂളുകളിലോ നോർമൽ സ്കൂളുകളിലോ പഠിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസ യാത്രാബത്ത, വസ്ത്രങ്ങൾക്കുള്ള വാർഷിക ബത്ത, പഠനസാമഗ്രികൾക്കുള്ള വാർഷികബത്ത, പഠനയാത്രക്കായുള്ള വാർഷിക ബത്ത എന്നിവയടക്കം പരമാവധി 28,500/- രൂപ വരെ നൽകാവുന്നതാണ്. എന്നാൽ താഴെ സൂചിപ്പിച്ച വിദ്യാർത്ഥികൾക്ക് കുറഞ്ഞ നിരക്കിലാണ് സ്കോളർഷിപ്പ് നൽകിയത്.

| ക്രമ നം. | പേര് | പഠിക്കുന്ന സ്റ്റാന്റേർഡ് | അർഹമായ സ്കോളർഷിപ്പ് | നൽകിയ സ്കോളർഷിപ്പ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | അജ്മൽ. എസ് | 5th | 6600 | 4100 | 2500 |
| 2 | ശ്രീരാഗ്.കെ | 8th | 6600 | 4100 | 2500 |
| 3 | ഹഫ്സത്ത്. എ | Plus One | 8000 | 6600 | 1400 |
| 4 | പ്രാണേഷ്. പി | 6th. | 6600 | 4100 | 2500 |
| 5 | നിഖിൽ ജയൻ. | 9th | 8000 | 6600 | 1400. |
| 6 | അനശ്വര.എസ് | 9th | 8000 | 5000 | 3000 |
| 7 | ആതിര.ആർ | 7th | 6600 | 4100 | 2500 |
| 8 | അശ്വജിത്ത്. | Plus Two | 8000 | 5000 | 3000 |
| 9 | അസ്ന.എസ് | 7th | 6600 | 4100 | 2500 |
| 10 | അതീക്ക റഹ്മാൻ | 4th | 5300 | 3300 | 2000 |
| 11 | അബിൻ.സി.എസ് | Degree | 13000 | 7000 | 6000 |
| 12 | ലാവണ്യ.ബി | 3rd | 5300 | 4500 | 800 |
| 13 | ശ്രീജേഷ്.എസ് | 9th | 8000 | 4400 | 3600 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.-10/13.10.23) 2022-23 സാമ്പത്തികവർഷത്തിൽ നൽകാൻ ബാക്കിയുള്ള തുക 2023 -24 വർഷത്തിൽ കൂടുതൽ തുക വകയിരുത്തി മുഴുവൻ തുകയും നൽകുന്നതാണ് എന്നാണ് നിർവ്വഹണഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ഭാവിയിൽ സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന പ്രകാരം അർഹമായ നിരക്കിൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക അനുവദിച്ച് പദ്ധതി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 വൃദ്ധർക്ക് കട്ടിൽ – ജനറൽ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ,സി,ഡി,എസ് സൂപ്പർവൈസർ |
| പ്രൊജക്റ്റ് നം | 88 |
| പ്രൊജക്റ്റിന്റെ പേര് | വൃദ്ധർക്ക് കട്ടിൽ – ജനറൽ |
| അടങ്കൽ | 329100 (വികസനഫണ്ട് – ജനറൽ) |
| ചെലവ് | 325650 |
| ബിൽ നം, തീയതി | 15/31.03.23 |

മേൽ പരാമർശിച്ച പ്രൊജക്ട് പ്രകാരം കട്ടിൽ വാങ്ങുന്നതിനായി 27.02.23 തീയതിയിലെ ജെ2/4485/2022 പ്രകാരം ടെണ്ടർ ക്ഷണിക്കുകയും 3 സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തതിൽ, കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത എസ്.സാലി അസോസിയേറ്റ്സ്, വടക്കഞ്ചേരി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. (തീരുമാനം നം – 2(2) /10.03.23). ഇൻവോയ്സ് നമ്പർ29 തീയതി 30/03 / 23 പ്രകാരം 78 കട്ടിലുകൾ വാങ്ങുകയും ആയത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1). 27.02.23 ന് ടെണ്ടർ പരസ്യം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും ടെണ്ടർ പരസ്യത്തിൽ . കൃത്യമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല.

2).പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ സ ഉ (പി) നം. 259/2010/ത സ്വ ഭ വ തീയതി 08.11.2010 പ്രകാരം ടെണ്ടർ സമർപ്പണത്തിനായി 14ദിവസത്തെ സമയം അനുവദിക്കേണ്ടതാണ്. ടി നിർദ്ദേശം പാലിച്ചിട്ടില്ല. ടെണ്ടർ പരസ്യം നൽകിയിരിക്കുന്നത് 27.02.23-നാണ്. ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം 06.03.23 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3).ജി.ഒ(പി)നം.7/19/SPD തി.26-04-2019 പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങൾ GeM (ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ്) പോർട്ടലിൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങണമെന്നത് നിർബന്ധമാക്കുകയും സ്റ്റോർസ് പർച്ചേസ് മാനുവലിൽ ഭേദഗതിവരുത്തുകയും ചെയ്തിട്ടുണ്ട്. ഏതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാതിരുന്നാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർസ് പർച്ചേസ് മാനുവലിൽ സൂചിപ്പിട്ടുള്ള മറ്റ് മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കട്ടിൽ GeM മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം – 9/13.10.23)പദ്ധതിനിർവ്വഹണസമയത്ത് GeM ൽ അക്കൗണ്ട് ഇല്ലായിരുന്നു എന്നും ആയതിനാൽ ടെണ്ടർ ക്ഷണിച്ചു എന്നുമാണ് നിർവ്വഹണഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ച് മാത്രം വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 പെണ്ണാട് വിതരണം പദ്ധതി – സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രൊജക്റ്റ് നം | 150, |
| പ്രൊജക്റ്റിന്റെ പേര് | പെണ്ണാട് വിതരണം – ടിഎസ്.പി |
| അടങ്കൽ | 170000 (വികസനഫണ്ട്- ജനറൽ – 6000 + വികസനഫണ്ട് – ടി.എസ്.പി – 164000) |
| ചെലവ് | 170000 (വികസനഫണ്ട്- ജനറൽ – 6000 + വികസനഫണ്ട് – ടി.എസ്.പി – 164000) |
| ബിൽ/ നം, തീയതി | 20/28.03.23-6000<br>18/24.03.23- 140000 |

| | |
|---|---|
| | 21/28.03.23- 20000<br>23/31.03.23- 4000 |
| നിർവ്വഹണ ഉദ്യോഗസ്ഥ | വെറ്ററിനറിസർജൻ |

മേൽ പരാമർശിച്ച പദ്ധതിയുടെ നടത്തിപ്പിനായി മുഹമ്മദ് കാസിം.വി, തരൂർപള്ളി, തരൂർ എന്നയാളിൽ നിന്നും പർച്ചേസ് കമ്മറ്റി മുഖേന 10000 രൂപ വില വരുന്ന 17 പെൺ ആട്ടിൻകുട്ടികളെ വാങ്ങി 100% സബ്സിഡിയോടെ 17 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ )നം 115/2022/ത.സ്വ.ഭ.വ തീയതി 28.05.22 ലെ ഖണ്ഡിക 6.3 ലെ .ക്രമനമ്പർ 3 പ്രകാരം വിതരണം ചെയ്യുന്ന പെണ്ണാടുകൾക്ക് 6-8 മാസമെങ്കിലും പ്രായമുള്ളവയായിരിക്കണം എന്നും 12 Kg എങ്കിലും ഭാരം ഉള്ളവയായിരിക്കണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് വെറ്റിനറി സർജൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഫയലിൽ ഗുണഭോക്താക്കളുടെ അപേക്ഷ, വാർഡ് മെമ്പറുടെ സാക്ഷ്യപത്രം, കരാർ, ഗുണഭോക്താവിന്റെ രസീതി എന്നിവ ഹാജരാക്കിയിട്ടുണ്ട്. ഗുണഭോക്താവിന്റെ രസീതിയിലും ആടുകൾ മേൽസൂചിപ്പിച്ച ഗുണങ്ങളുള്ളവയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചിട്ടുണ്ട് എന്ന ഉറപ്പ് വരുത്താനായില്ല. അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-16/17.10.23) വിലനിലവാരപത്രിക പ്രകാരം 6-8 മാസമുള്ള ആടുകൾക്കാണ് 10000 രൂപ വിലമതിക്കുന്നത് എന്നും അപേക്ഷയോടൊപ്പം സമർപ്പിച്ച ഇൻഷൂറൻസ് രേഖകളിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ട് എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ഭാവിയിൽ പദ്ധതിനിർവ്വഹണം നടത്തുമ്പോൾ സബ്സിഡി മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങളനുസരിച്ചുള്ള ഇനങ്ങളാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത് എന്ന് നിർവ്വഹണഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 സ്കൂളുകളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ - GeM ൽ നിന്നും വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ. എൽ. പി.സ്കൂൾ |
| പ്രൊജക്റ്റ് നം | 204 |
| പ്രൊജക്റ്റിന്റെ പേര് | പഞ്ചായത്തിനു കീഴിലുള്ള സർക്കാർ എൽ. പി.സ്കൂളുകളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ |
| അടങ്കൽ | 196416<br>(മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം) |
| ചെലവ് | 196411 (മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം) |

മേൽ പരാമർശിച്ച പ്രൊജക്ട് പ്രകാരം സ്റ്റീൽ ഫർണ്ണീച്ചറുകൾ ( ബെഞ്ച് &ഡെസ്ക്ക് SET) ടെണ്ടർ മുഖേന വാങ്ങിയിട്ടുണ്ട്.

04.01.23 തീയതിയിലെ ജെ2/4485/2022 നം നോട്ടീസ് പ്രകാരം ടെണ്ടർ ക്ഷണിക്കുകയും 4 സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തതിൽ, കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത എസ്.എസ് ഇൻഡസ്ട്രീസ്, തരൂർ, പള്ളി ജംഗ്ഷൻ, പഴമ്പാലക്കോട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. (തീരുമാനം നം - 4(1) /19.01.23).

ഇൻവോയ്സ് നമ്പർ- 121 തീയതി 28/02 / 23 പ്രകാരം ബെഞ്ച് & ഡെസ്ക്ക് SET- 3x1/4 Feet – 16 Nos , ബെഞ്ച് & ഡെസ്ക്ക് SET - 4x1/4 Feet – 15 Nos എന്നിവ വാങ്ങുകയും ആയത് സ്റ്റോക്കിലെടുക്കുകയും

ചെയ്തിട്ടുണ്ട്.

പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1). 09.03.23 ന് ടെണ്ടർ പരസ്യം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും ടെണ്ടർ പരസ്യത്തിൽ കൃത്യമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല.

2).ജി.ഒ(പി)നം.7/19/SPD തി.26-04-2019 പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങൾ GeM (ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ്) പോർട്ടലിൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങണമെന്നത് നിർബന്ധമാക്കുകയും സ്റ്റോർസ് പർച്ചേസ് മാന്വലിൽ ഭേദഗതിവരുത്തുകയും ചെയ്തിട്ടുണ്ട്. ഏതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാതിരുന്നാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിന്റെ ശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിട്ടുള്ള മറ്റ് മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഫർണ്ണീച്ചറുകൾ GeM മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-30/19.10.23) മറുപടി ലഭ്യമായില്ല.

**ഓഡിറ്റ് നിർദ്ദേശം**

സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ച് മാത്രം വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-25 റോഡിതര മെയിന്റനൻസ് ഗ്രാന്റ് അനുവദനീയമല്ലാത്ത ഇനങ്ങൾക്കായി ചെലവഴിച്ചു**

2022-23 വർഷത്തിൽ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വിനിയോഗിച്ച് തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിനായി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. തെരുവ് വിളക്കുകളുടെ ഇലക്ട്രിസിറ്റി ചാർജ് അടവാക്കൽ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം./ പേര് | 146/23, തെരുവ് വിളക്കുകളുടെ ഇലക്ട്രിസിറ്റി ചാർജ് അടവാക്കൽ |
| അടങ്കൽ | 1508000<br>(മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം) |
| ചെലവ് | 204470 |
| ബിൽ നമ്പർ / തീയതി | 37/10.02.23- 204470 |

2.പഞ്ചായത്ത് ഓഫീസിലേക്ക് പ്രൊജക്ടർ വാങ്ങൽ

വിവിധ പദ്ധതികളുടെ ട്രെയിനിംഗ് ആവശ്യങ്ങൾക്കായി മെയിന്റനസ് ഗ്രാന്റ് നോൺറോഡിൽ നിന്നും 48030 രൂപ ചെലവിൽ പ്രൊജക്ടർ വാങ്ങിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം./ പേര് | 197/23, പഞ്ചായത്ത് ഓഫീസിലേക്ക് പ്രൊജക്ടർ വാങ്ങൽ |
| അടങ്കൽ | 60000 (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം) |
| ചെലവ് | 48030 |
| ബിൽ നമ്പർ / തീയതി | 44/20.03.23- 40492<br>51/29.03.23 -7538 |

6 ാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം 04.06.22 ൽ പുറപ്പെടുവിച്ച സ.ഉ(കൈ)നം.118/22

/എൽ.എസ്.ജി.ഡി നിർദേശപ്രകാരം തെരുവു വിളക്കുകളുടെ പരിപാലനം, ഗ്രാമ പഞ്ചായത്തിന് വേണ്ടി മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നടത്തുന്ന ചെലവുകൾ എന്നിവ നെഗറ്റീവ് ലിസ്റ്റിലുൾപ്പെട്ട ഇനങ്ങളാണ്.

മേൽ പറഞ്ഞ രണ്ട് പദ്ധതികളിലെ ചെലവുകൾക്കായി മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തിയതിന്റെ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7/13.10.23) തനത് ഫണ്ട് കുറവായതിനാലാണ് മെയിന്റനൻസ് ഗ്രാന്റ് ചെലവഴിക്കേണ്ടിവന്നത് എന്നാണ് മറുപടി നൽകിയത്

നെഗറ്റിവ് ലിസ്റ്റിറ്റിലുൾപ്പെട്ട ഇനങ്ങളിലെ ചെലവുകൾക്ക് റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കരുതെന്ന സർക്കാർ നിർദേശം കർശ്ശനമായും പാലിക്കേണ്ടതാണ്.

**1-26 കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണീച്ചറുകൾ വാങ്ങൽ -നിർദേശങ്ങൾ പാലിച്ചിട്ടില്ല.**

| | |
|---|---|
| പ്രൊജക്ട് | 33/23 കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണീച്ചർ വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 250657 - മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ് ) |
| ചെലവ് | 248466 - മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ് ) |
| | 41/21.02.23 |

പഞ്ചായത്തിന് കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും 248466 രൂപ ചെലവിൽ ഫർണീച്ചറുകൾ വാങ്ങിയിട്ടുണ്ട്. മേൽ പദ്ധതികൾ നടപ്പാക്കിയതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

**1. സർക്കാർ ഉത്തരവു പ്രകാരമുള്ള പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത സാധനങ്ങൾ നേരിട്ട് വാങ്ങി**

2022-23 വർഷത്തെ വാങ്ങലിന് G.O(Rt)No:7/2022/SPD Dated 02/02/2022 ഉത്തരവ് പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടില്ല. മേൽ ഉത്തരവിൽ സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ അനുവദിച്ചിട്ടുള്ള ഇളവുകളിൽ സാധനങ്ങൾ നേരിട്ടു വിതരണം ചെയ്യുന്നതിന് അനുമതി ലഭ്യമായിട്ടുള്ള സ്ഥാപനങ്ങൾ സർക്കാർ നിശ്ചയിച്ച ലിസ്റ്റിൽ ഉൾപ്പെടാത്ത സാധനങ്ങൾ വിതരണം ചെയ്യാവുന്നതല്ല. പട്ടികയിൽ ഉൾപ്പെട്ട സാധനങ്ങൾ സ്ഥാപനം വിതരണം ചെയ്യുകയാണെങ്കിൽ പ്രസ്തുത സാധനങ്ങൾ സ്ഥാപനം നിർമ്മിച്ചതാണെന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. സ്ഥാപനം നിർമ്മിക്കാത്ത സാധനങ്ങൾ ടെൻഡർ/ക്വട്ടേഷൻ മുഖേന വാങ്ങേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ടിൽ വാങ്ങിയ സാധനങ്ങളിൽ ക്രമ നമ്പർ 5 അല്ലാത്ത മറ്റു സാധനങ്ങൾ 23.12.2022 ലെ സ.ഉ.(സാധാ) നം. 97/2022/എസ്.പി.ഡി പ്രകാരം നിശ്ചയിച്ച സിഡ്കോയുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പട്ടികയിലുൾപ്പെട്ട ഫർണീച്ചർ ഘടക സ്ഥാപനം നിർമ്മിച്ചതാണെന്ന സാക്ഷ്യപത്രവും ഫയലിൽ സൂക്ഷിച്ചിട്ടില്ല. വാങ്ങിയ സാധനങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സ്ഥാപനം | സ്പെസിഫിക്കേഷൻ | ഇൻവോയ്സ് നം. | എണ്ണം | വില | ആകെ വില (ടാക്സ് ഉൾപ്പെടാതെ |
|---|---|---|---|---|---|
| സിഡ്കോ | 1. Executive High Back Revolving Chair | PKD/22-23 /102/16.02.23 | 9 | 8024 | 72216 |
| | 2.Steel Cupboard-Medicine Rack 5 Shelves 20 G 205x90x48 | | 3 | 12600 | 37800 |

| | | | | | |
|---|---|---|---|---|---|
| | 3. Steel Table With Rubwood Top 120x60x75 | | 8 | 6400 | 51200 |
| | 4. Steel Office Chair With Cushion Seat | | 10 | 2200 | 22000 |
| | 5. Steel Slotted Angle Iron Rack 6 Panel(20G) 180x90x38 | | 6 | 4558 | 27348 |

**2. GeM – മുഖേനയുള്ള വാങ്ങൽ പരിശോധിച്ചിട്ടില്ല**

സ.ഉ(പി)നം.07/2019/SPD തിയതി 26-04-2019 പ്രകാരം 25000 രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾ (കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെ) നടത്തുമ്പോൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM (Government E Marketplace) ൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും GeM ൽ ലഭ്യമായവ GeM മുഖേന നിർബന്ധമായും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫർണീച്ചറുകൾ GeM ൽ ലഭ്യമാണോ എന്ന് പരിശോധിച്ച് ഇല്ലെങ്കിൽ നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഫർണിച്ചറുകൾ GeM ൽ ലഭ്യമല്ല എന്ന് രേഖപ്പെടുത്തിയിട്ടില്ല.

സ.ഉ(പി) നം. 7/2014/spd തീയതി 28.08.2014 ലെ നിർദേശം പ്രകാരം 100000 രൂപയ്ക്ക് മുകളിലെ മൂല്യമുള്ള വാങ്ങലുകൾക്ക് 'ടെണ്ടർ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദേശിക്കുന്നുണ്ട്. ജെമ്മിൽ ലഭ്യമല്ലാത്ത ഇനങ്ങളാണെങ്കിൽ ടെണ്ടർ സാധ്യതകൾ പരിശോധിക്കേണ്ടതായിരുന്നു.

3. വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടിയതായി മിനുറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിശദമായ ചർച്ചകൾ നടത്തി തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

4. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ രേഖകളില്ല.

11/13.10.2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദേശങ്ങൾ

സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി സാധനങ്ങൾ വാങ്ങാൻ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

വാങ്ങിയ സാധനങ്ങൽ സ്റ്റോക്കിലെടുക്കുകയും, അവ വിതരണം ചെയ്തതിന്റെയും രേഖകൾ നിർബന്ധമായും സൂക്ഷിക്കേണ്ടതും, ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-27 വാങ്ങൽ നടപടിക്രമങ്ങളിലെ അപാകങ്ങൾ**

**സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലെ രേഖകൾ കൃത്യമായി ഫയൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല**

1.

| | |
|---|---|
| പ്രോജക്ട് നം./ പേര് | 238/23- ഫ്രണ്ടോഫീസിൽ ജനസേവനം കാര്യമാക്കുന്നതിന് സാധന സാമഗ്രികൾ വാങ്ങൽ |
| അടങ്കൽ | ₹ 580000 (വികസനഫണ്ട് - ജനറൽ) |
| ചെലവ് | ₹34100 |
| ബിൽ നം. / തീയതി | 56/29.03. 2023 |

2.

| | |
|---|---|
| പ്രോജക്ട് നം./ പേര് | 235/23- പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ ലാപ്പ്ടോപ്പ് വാങ്ങൽ |

| | |
|---|---|
| അടങ്കൽ | ₹ 111652(വികസനഫണ്ട് - ജനറൽ)<br>₹38348 ധനകാര്യകമ്മീഷൻ അവാർഡ് |
| ചെലവ് | ₹84632 (വികസനഫണ്ട് - ജനറൽ)<br>₹38348 ധനകാര്യകമ്മീഷൻ അവാർഡ് |
| ബിൽ നം. / തീയതി | 176/14.03.23- ₹38348<br>59/30.3.23- ₹ 73986<br>53/31.3.23- ₹10646 |

3.

| | |
|---|---|
| പ്രോജക്ട് നം./ പേര് | 230/23- പഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിൽ മാലിന്യം നിക്ഷേപം നിരീക്ഷിക്കുന്നതിന് ക്യാമറാകൾ സ്ഥാപിക്കൽ |
| അടങ്കൽ | ₹496530 ധനകാര്യകമ്മീഷൻ അവാർഡ് |
| ചെലവ് | ₹490000 ധനകാര്യകമ്മീഷൻ അവാർഡ് |
| ബിൽ നം. / തീയതി | 322/21.3.23- 490000 |
| ഇൻവോയ്സ് നമ്പർ | **BT-2022-23/1164/16/3/23** |

ക്രമ നമ്പർ ( 1 ) പദ്ധതിയിൽ Steel Table With Draw And Cupboard, Steel Chair With Seat Back Cushion എന്നിവ ഇൻവോയ്സ് നമ്പർ 157/28.03.23 പ്രകാരവും Airport 3 Seater Metal High Back ഇൻവോയ്സ് നമ്പർ 156/28.02.23 പ്രകാരവും ദാസ് ഏജൻസീസ് ആലത്തൂരിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്.

ക്രമ നമ്പർ ( 2 ) പദ്ധതിയിൽ പ്രിൻ്റർ -ഇൻവോയ്സ് നമ്പർ LD/4335/22-23/13.02.2023 പ്രകാരം ലെജൻ്ററി ഡിസ്ട്രിബ്യൂട്ടർസിൽ നിന്നുംGeM മുഖേന വാങ്ങിയിട്ടുണ്ട്

ഇൻവോയ്സ് നമ്പര് 601/23.3.23 പ്രകാരം ലാപ്പ്ടോപ്പ്(2 എണ്ണം) നിയോ സിസ്റ്റംസ് ഒറ്റപ്പാലത്തിൽ നിന്നും GeM മുഖേന വാങ്ങിയിട്ടുണ്ട്.

ക്രമ നമ്പർ ( 3) പദ്ധതിയിൽ ബിസ്സസ് ടെക്ക് ആലത്തൂർ എന്ന സ്ഥാപനത്തിൽ നിന്നും ഇൻസ്റ്റലേഷൻ സാമഗ്രികൾ സഹിതം 14 എണ്ണം സോളാർ ക്യാമറകൾ നേരിട്ട് വാങ്ങി.

ക്രമ നമ്പർ (2) പദ്ധതിയിൽ GeM മുഖേന വാങ്ങൽ നടത്തിയിട്ടുണ്ടെങ്കിലും. ക്രമ നമ്പർ(1), & (3) പദ്ധതികളിൽ മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് നേരിട്ടാണ് സാധനങ്ങളുടെ സമാഹരണം നടത്തിയത്. സ.ഉ(പി)നം.07/2019/SPD തിയതി 26-04-2019 പ്രകാരം 25000 രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾ നടത്തുമ്പോൾ കേന്ദ്ര സർക്കാരിൻ്റെ ഓൺലൈൻ പോർട്ടൽ ആയ GeM (Government E Marketplace) ൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും GeM ൽ ലഭ്യമായവ GeM മുഖേന നിർബന്ധമായും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഒന്നിലധികം സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങളുടെ വിലകൾ തമ്മിൽ ഒത്തുനോക്കാനും, ഗുണമേന്മ ഉറപ്പുവരുത്താനുമുള്ള മേൽ സാധ്യതകൾ എല്ലാ വാങ്ങലുകളിലും പരീക്ഷിച്ചിട്ടില്ല.

കൂടാതെ വാങ്ങിയ സാധനങ്ങൾ കൃത്യമായി സ്റ്റോക്കിലെടുത്തിട്ടില്ല. ഇലക്ട്രോണിക്ക് സാമഗ്രികളുടെ പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും, അതിൽ 2022-23 ൽ വാങ്ങലുകൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. സ്പെസിഫിക്കേഷൻ, വാറൻ്റി, പർച്ചേസ് തീയതി, സാധനങ്ങൾ ലഭ്യമാക്കിയ സ്ഥാപനത്തിൻ്റെ വിവരങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തിയിട്ടില്ല.

വാങ്ങിയ ഉപകരണങ്ങൾ പഞ്ചായത്തിൻ്റെ തനത് ആസ്തിയിൽ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് 5/**12-10-2023** നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മാലിന്യ നിക്ഷേപം നിരീക്ഷിക്കുന്നതിന് വാങ്ങിയ ക്യാമറകളുടെ തുടർ പരിപാലനം കണക്കിലെടുത്താണ് **GeM** ൽ നിന്നും വാങ്ങാതിരുന്നത് എന്ന മറുപടി അംഗീകരിക്കാവുന്നതല്ല**.**

**ഓഡിറ്റ് നിർദേശങ്ങൾ**

സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലെ എല്ലാ നടപടികളുടെയും രേഖകൾ ഫയൽ ചെയ്ത് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

സർക്കാർ നിർദേശങ്ങൾക്ക് വിധേയമായി വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇലക് ട്രോണിക്സ് സാമഗ്രികൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ സ്പെസിഫിക്കേഷൻ, വാറന്റി , പർച്ചേസ് തീയതി, സാധനങ്ങൾ ലഭ്യമാക്കിയ സ്ഥാപനത്തിന്റെ വിവരങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. വരും വർഷങ്ങളിൽ ആയത് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും ഓഡിറ്റ് പരിശോധനയ്ക്ക് ആയത് ഹാജരാക്കേണ്ടതുമാണ്.

ഫർണീച്ചറുകളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ തനത് ആസ്തികൾ കാലികമാക്കി ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

**1-28 സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല**

പ്രോജക്ട് നമ്പർ 221/23

പ്രോജക്ട് - സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം

അടങ്കൽ - 50000 വികസന ഫണ്ട് (ജനറൽ)

ചെലവ് - 50000 വികസന ഫണ്ട് (ജനറൽ)

നിർവ്വഹണം - സെക്രട്ടറി

ബിൽ നമ്പർ - 46/20.03.23

മേൽ പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും 50000 രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ 701011400000134 അക്കൌണ്ട് നമ്പരിലേക്ക് കൈമാറിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 4/12.10.23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. 50000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-29 എ ബി സി പ്രോഗ്രാം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല**

പ്രോജക്ട് നമ്പർ 196/23

പ്രോജക്ട് - എ ബി സി പ്രോഗ്രാം

അടങ്കൽ - 350000 വികസന ഫണ്ട് ( ജനറൽ)

ചെലവ് - 350000 വികസന ഫണ്ട് (ജനറൽ)

നിർവ്വഹണം - സെക്രട്ടറി

ബിൽ നമ്പർ - 26/6.12.2022 -350000രൂപ

തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായി ജില്ലാ പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിലേക്ക് 350000 രൂപ കൈമാറിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. 4/12.10.23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. 350000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-30 പൊതു ടാപ്പുകൾ വിച്ഛേദിച്ചിട്ടില്ല**

ഗ്രാമപഞ്ചായത്തിൽ വിവിധ വാർഡുകളിൽ സ്ഥിതിചെയ്യുന്ന 267 എണ്ണം പൊതുടാപ്പുകളുടെ പ്രതിമാസ വാട്ടർ ചാർജ്ജിനത്തിൽ 2022-23 ൽ 122664 രൂപ നിരക്കിൽ ഏപ്രിൽ മുതൽ നവംബർ മാസം വരെ

കേരള വാട്ടർ അതോറിറ്റി തുക ഡിമാന്റ് ചെയ്തിട്ടുണ്ട്. 6/2021 ൽ പഞ്ചായത്തും, കേരളാ വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തിയതിൽ 267 ടാപ്പുകളിൽ 10 എണ്ണം മാത്രമാണ് ഉപയോഗ യോഗ്യമായതെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 257 എണ്ണം പൈപ്പുകൾ ഒഴിവാക്കുന്നതിന് 356000 രൂപ കേരളാ വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ പിന്നീടുള്ള മാസങ്ങളിലും (ഒക്ടോബർ/2021) 267 എണ്ണം ടാപ്പുകളുടെ പലിശയുൾപ്പെടെയുള്ള വെള്ളക്കരം ഡിമാന്റ് ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് 10 ടാപ്പുകളുടെ പ്രതിമാസ വെള്ളക്കരമായ 4823 രൂപ മാത്രമാണ് അടവാക്കുന്നത്.

പൊതുടാപ്പുകൾ വിച്ഛേദിക്കാൻ കേരള വാട്ടർ അതോറിറ്റിയിൽ തുക അടവാക്കിയതിൻമേൽ സ്വീകരിച്ച നടപടികൾ, നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാനാവശ്യപ്പെട്ട് 23/18.10.23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

ഉപയോഗിക്കാത്തതായി സംയുക്ത പരിശോധനയിൽ കണ്ടെത്തിയ പൊതുടാപ്പുകൾ വിച്ഛേദിക്കാൻ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-31 കുടിവെള്ള പദ്ധതികൾ - ഗുണഭോക്തൃസമിതിയെ ഏൽപ്പിച്ചിട്ടില്ല**

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, പരിപാലനത്തിനായി 2022-23 വർഷം തുകകൾ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് ആസ്തിയിലുൾപ്പെട്ട 10 കുടിവെള്ള പദ്ധതികളുടെ പരിപാലനത്തിന് പ്രതിമാസം വലിയ തുക ചെലവഴിച്ചുവരുന്നു.

കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കുടിവെള്ള പദ്ധതിപേര് | ഇലക്ട്രിസിറ്റി ചാർജ്ജിനത്തിൽ ചെലവഴിച്ച തുക (₹) |
|---|---|---|
| 1 | കുരുത്തിക്കോട് കുടിവെള്ള പദ്ധതി | 35743 |
| 2 | മരുതക്കാട് കുടിവെള്ള പദ്ധതി | 63312 |
| 3 | ചേരിക്കൽ കുടിവെള്ള പദ്ധതി | 29827 |
| 4 | തോട്ടിൻപള്ള കുടിവെള്ള പദ്ധതി | 43528 |
| 5 | കുന്നിൻപുറം കുടിവെള്ള പദ്ധതി | 108680 |
| 6 | പഴമ്പാലക്കോട് കുടിവെള്ള പദ്ധതി | 76056 |
| 7 | പഴമ്പാലക്കോട് ഗ്രാമം കുടിവെള്ള പദ്ധതി | 75120 |
| 8 | നെല്ലുകുത്താംകുളം കുടിവെള്ള പദ്ധതി | 206940 |
| 9 | I) അരിയശ്ശേരി കുടിവെള്ള പദ്ധതി Con. No. 23874 | 192216 |
| | Ii) അരിയശ്ശേരി കുടിവെള്ള പദ്ധതി Con. No. 22127 | 88508 |
| 10 | തരൂർ കുടിവെള്ള പദ്ധതി | 49164 |
| | | 969094 |

സാമ്പത്തിക വർഷം മേൽ പറഞ്ഞ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജിനത്തിൽ മാത്രം 969094 രൂപ ചെലവഴിച്ചിട്ടുണ്ട്. 6 പമ്പ് ഓപ്പറേട്ടർമാരുടെ പ്രതിമാസ വേതനമായി 55800 (9300 X 6 ) രൂപ ചെലവ് വരുന്നു. കൂടാതെ ഇടക്കിടെ പൈപ്പ് ലൈൻ അറ്റകുറ്റപ്പണികൾക്കായി തനത് ഫണ്ടിൽ നിന്നും തുകകൾ ചെലവഴിക്കുന്നുണ്ട്.

പഞ്ചായത്ത് നടപ്പിലാക്കുകയും, നേരിട്ട് പരിപാലിക്കുകയും ചെയ്തുവരുന്ന കുടിവെള്ള പദ്ധതികൾ തുടർനടത്തിപ്പിനായി ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കേണ്ടതാണെന്ന് 13.03.2013 ലെ സ.ഉ(സാ.ധാ)627/2013/ത.സ്വ.ഭ.വ ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. ടി സ്കീമുകളുടെ നടത്തിപ്പ്, മെയിന്റനൻസ് എന്നിവ ഗുണഭോക്തൃസമിതികൾ വഹിക്കേണ്ടതാണെന്നും ആയത് തികയാതെ വരുന്ന

സാഹചര്യത്തിൽ തദ്ദേശ സ്ഥാപനങ്ങൽ വഹിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ മേൽ പറഞ്ഞ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, മെയിന്റനൻസ് എന്നിവ ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കുവാനുള്ള നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല

2022 -23 സാമ്പത്തിക വർഷത്തിൽ രൂപീകരിച്ച താഴെ കൊടുത്തിട്ടുള്ള കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുവാനാവശ്യപ്പെട്ട് എൻക്വയറി 20/17.10.23 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

| | |
|---|---|
| 1 | നെല്ലിക്കാട് കുടിവെള്ള പദ്ധതി |
| 2 | ചിറക്കോട് പാലം കുടിവെള്ള പദ്ധതി |
| 3 | വള്ളയിൽമൊക്ക് കുടിവെള്ള പദ്ധതി(പേര് വ്യക്തമല്ല) |
| 4 | കമ്മാന്തറ കുടിവെള്ള പദ്ധതി |

<u>വെള്ളക്കരം</u>

പഞ്ചായത്തിന്റെ വിവിധ കുടിവെള്ള പദ്ധതികളിൽ നിന്നും 1288 ഹൌസ് കണക്ഷനുകൾ നൽകിയിട്ടുണ്ട്. 2022-23 വർഷത്തെ വെള്ളക്കരം ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പല ഗുണഭോക്താക്കളും വെള്ളക്കരം ഒടുക്കിയിട്ടില്ല. വാട്ടർ ചാർജ്ജിനത്തിൽ തൻവർഷം പിരിച്ചെടുത്ത തുക, കുടിശ്ശിക എന്നിവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| കുടിശ്ശിക പിരിവ് | 1730350 | 342340 | 1388010 |
| തൻവർഷ പരിവ് | 711750 | 351400 | 360350 |
| ആകെ | 2442100 | 693740 | 1748360 |

തൻ വർഷം ആകെ 693740 രൂപ വെള്ളക്കരമിനത്തിൽ വരവുണ്ട്. പമ്പ് ഓപ്പറേട്ടർമാരുടെ വേതനം, വൈദ്യുതി ചാർജ്ജ് എന്നീയിനങ്ങളിൽ ആകെ 1638694 രൂപ വാർഷിക മെയിന്റനൻസിന് വേണ്ടി ചെലവഴിച്ചിട്ടുണ്ട് . വരവിന്റെ ഇരട്ടിയിൽകൂടുതൽ ചെലവ് നടത്തിയിട്ടുണ്ട്. വാർഷിക ധനകാര്യ പത്രിക ബാലൻസ്ഷീറ്റിലെ B-15 പ്രകാരം തൻവർഷം വെള്ളക്കരത്തിൽ 1748360 രൂപ പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണുന്നു.

**<u>ഓഡിറ്റ് നിർദേശങ്ങൾ</u>**

വെള്ളക്കരം പിരിവ് കാര്യക്ഷമമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കേണ്ടതും, പഞ്ചായത്തിന് വരും വർഷങ്ങളിൽ അധിക ബാധ്യതകൾ സൃഷ്ടിക്കാത്തവിധം നടപടികൾ കൈകൊള്ളാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതുമാണ്.

**<u>1-32 സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ -വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല</u>**

വിവിധ പ്രദേശങ്ങളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിന് KSEB യിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് . വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|---|---|
| 1 | 13/23 | ഗ്രാമ പഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 197/05.01.2023 | 2880970 |

പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രവൃത്തി നിർവ്വഹിക്കുവാനായി കെ.എസ്.ഇ.ബിയുമായി കരാർ ഉടമ്പടി വെച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. 4/12.10.23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ കെ.എസ്.ഇ.ബി കുത്തനൂർ ഡിവിഷന്റെ

180068 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി. ബാക്കി 2700902 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവഴിക്കാതെ തുക അവശേഷിക്കുന്നുണ്ടെങ്കിൽ തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-33 തെരുവ് വിളക്ക് പരിപാലനം- കാര്യക്ഷമമാക്കേണ്ടതാണ്**

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. തൻവർഷം വൈദ്യുതി ചാർജ്ജിനത്തിൽ ശരാശരി 23.16 ലക്ഷം രൂപ ഒടുക്കിയിട്ടുണ്ട്. കൂടാതെ 2022-23 ലെ തെരുവു വിളക്കുകളുടെ പരിപാലനത്തിനായി താഴെ കൊടുത്ത പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| പദ്ധതിയുടെ പേര് | ചെലവ് തുക |
|---|---|
| തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങൽ | 341660 |
| തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് അടവാക്കൽ | 1194263 |
| ആകെ | 1535923 |

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകൾക്ക് മുഴുവനും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. തെരുവ് വിളക്കുകളുടെ താരിഫ് റേറ്റിന്റെ അടിസ്ഥാനത്തിൽ 12 മണിക്കൂർ പ്രവർത്തിക്കുന്ന എന്ന നിഗമനത്തിലാണ് ഗ്രാമപഞ്ചായത്ത് വൈദ്യുതി ചാർജ്ജ് അടവാക്കി വരുന്നത്. ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലുള്ള പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നീ വിവരങ്ങൾ ലഭ്യമല്ല. കെ.എസ്.ഇ.ബി യുമായി സംയുക്തപരിശോധന നടത്തി തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കിയിട്ടുമില്ല.

ഓർഡിനറി ബൾബ്, സോഡിയം വേപ്പർ ലാമ്പ് എന്നിവ ഇലക്ട്രിക് പോസ്റ്റുകളിൽ നിലവിൽ ഇല്ല. എന്നാൽ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ കെ.എസ്.ഇ.ബി ഡിമാന്റ് നോട്ടീസ് പ്രകാരം ഇത്തരം ബൾബുകൾക്ക് ഇപ്പോഴും വൈദ്യുതി ചാർജ്ജ് ഈടാക്കുന്നുണ്ട്.

ഓഡിറ്റ് എൻക്വയറി (18/17.10.2023)ക്ക് മറുപടിയായി സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ വിവരങ്ങൾ പുതുക്കുന്നതാണെന്നും, മീറ്ററിംഗ് സംവിധാനം നടപ്പിലാക്കാൻ 2022-23 വർഷത്തിലെ പ്രോജക്റ്റിൽ ഉൾപ്പെടുത്തി തുക കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

→തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണ്ടെത്തുന്നതിനായി പഞ്ചായത്ത് അധികൃതരും, കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും ചേർന്ന് പഞ്ചായത്തിലെ പ്രവൃത്തനക്ഷമമായവയും, അല്ലാത്തവയുമായ തെരുവ് വിളക്കുകളുടെ കണക്കുകൾ സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തേണ്ടതാണ്. നിലവിലുള്ള വിളക്കുകൾക്ക് മാത്രമാണ് ചാർജ് ഒടുക്കുന്നത് എന്നും ഉറപ്പുവരുത്തേണ്ടതാണ്.

→തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് ആയതിനനുസരിച്ച് അറ്റകുറ്റപ്പണികൾക്കുള്ള തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.വാറണ്ടി ഉള്ള ലാമ്പുകൾ കേടുപാടുകൾ സംഭവിച്ചാൽ ഏജൻസികൾ മുഖേന മാറ്റി സ്ഥാപിക്കേണ്ടതാണ്. വാറണ്ടി ഉള്ള ലാമ്പുകൾ വാർഷിക അറ്റകുറ്റപ്പണികളിൽ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

→തെരുവു വിളക്കുകളുടെ റിപ്പയറും പരിപാലനവും നടത്തുന്നതിനായി പുറപ്പെടുവിച്ച സർക്കുലർ നം.3055/ഡി.എ3/ 2011/തസ്വഭവ തിയതി 15.9.2011 ലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

→നിലാവ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്.
തുടർനടപടിയുടെ വിവരം അറിയിക്കേണ്ടതാണ്.

**1-34 ചെലവഴിക്കാത്ത തുക കുടുംബശ്രീയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.**

പ്രൊജക്ട് - അഗതിരഹിത കേരളം (30/23)

നിർവഹണം - അസി.സെക്രട്ടറി

ചെലവ് - 100000

ബിൽ നം .1/11.10.22 – 100000

